
ആഗസ്റ്റ് 2013
ബഥേൽ പത്രിക
ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം
വാല്യം – 26
ലക്കം – 08



മുഖപത്രിക

# സത്യവിശ്വാസ ജീവിതത്തിലേക്ക്...

ജീവിത വൈതരണികളിലൊന്നും തളരാതെ സദാഹൃദയ നൈർമ്മല്യം കാത്തുസൂക്ഷിച്ച് ജീവിതത്തെ മുന്നോട്ട് നയിക്കുവാൻ ഒരാളെ തുണയ്ക്കുന്ന ഉൾക്കരുത്താണ് 'വിശ്വാസം' എന്ന് പറയാം. ഇന്ന് സഭാ ജീവിതത്തിൽ അടിസ്ഥാനവിശ്വാസത്തെ തിരിച്ചറിയാതെ, താല്ക്കാലിക നേട്ടങ്ങൾക്കും, വൈകാരിക സംതൃപ്തിക്കും, ഭൗതിക സാമ്പത്തിക ഉന്നമനത്തിനു നവആത്മീയ വൈകൃതങ്ങൾ സഹായിക്കും എന്ന തെറ്റിദ്ധാരണ വിശ്വാസ സമൂഹത്തിൽ ചുരുക്കം ചില ആളുകളിൽ പടർന്നിട്ടുണ്ട്. ജീവിത പ്രതിസന്ധികളിൽ ഉത്തരം കിട്ടാതെ വരുമ്പോൾ ആയിരിക്കുന്ന സഭാവിശ്വാസത്തിൽ എന്തോ കുറവ് ഉണ്ടെന്ന ധാരണയിൽ പുതിയ കൂട്ടങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു.

സഭയുടെ സത്യവിശ്വാസമെന്നത് എല്ലാ വഴികളും അടഞ്ഞു പോയിക്കഴിയുമ്പോൾ അന്വേഷിക്കേണ്ട കുറുക്കുവഴിയല്ല, മറിച്ച് എല്ലാ വാതിലുകളും തുറന്നുകിടക്കുമ്പോഴും ദൈവത്തിന്റെ വഴിയെ മാത്രമേ സഞ്ചരിക്കൂ എന്ന ഉറച്ച നിലപാടാണ്.

"അത്തികൾ പൂചൂടുന്നില്ലെങ്കിലും, മുന്തിരി ഫലം നൽകുന്നില്ലെങ്കിലും, ആലയിൽ ആടുകൾ അറ്റുപോയാലും എന്റെ കർത്താവിൽ ഞാൻ ആനന്ദിക്കും" (ഹബക്കൂക്ക് 3:17) എന്നു പറയാൻ ഹബക്കൂക്ക് പ്രവാചകനെ പ്രേരിപ്പിക്കുന്ന ഒരു വിശ്വാസശൈലിയെ തികച്ചും ദൈവിക വിശ്വാസമെന്ന് സാധാരണ വിശേഷിപ്പിക്കുന്നത്. ജീവിത പ്രതിസന്ധികളിൽ പിതാക്കന്മാർ കൈമാറിത്തന്ന വിശ്വാസ പാരമ്പര്യങ്ങളും വിശ്വാസ സത്യങ്ങളും സ്വയം ഉൾക്കരുത്ത് നേടാൻ ഉപാധിയാക്കാതെ കേവലം വൈകാരിക സംതൃപ്തി മാത്രം ലക്ഷ്യമിടുന്ന ആത്മീയ വൈകൃതങ്ങളെ നാം തിരിച്ചറിയേണ്ടതുണ്ട്.

അതിജീവനത്തിനുള്ള ആത്മീയതയല്ല, സുഖങ്ങളുടെയും സമൃദ്ധിയുടെയും ഭൗതികതയുടെയും സൗഖ്യത്തിന്റെയും പിന്നാലെയുള്ള പരക്കം പാച്ചിൽ ഒന്നിൽ നിന്നും മറ്റൊന്നിലേക്കുള്ള ചുവടുമാറ്റത്തിനു പ്രേരണയായിത്തീരുന്നു. നിലനിൽക്കുന്ന വിശ്വാസത്തിൽ ആഴമായ അറിവോ അനുഭവമോ ഇല്ലാതെ പോകുന്നു എന്നതാണ് ഇതിനു കാരണം.

കഷ്ടതകളും പരീക്ഷണങ്ങളും ജീവിതത്തിന്റെ ശുദ്ധീകരണത്തിനുള്ള ഉപാധികളാണ് എന്ന തിരിച്ചറിവ് ഉണ്ടെങ്കിലെ സത്യവിശ്വാസത്തിൽ ഉറച്ച് മുന്നോട്ടു പോകുവാൻ സാധിക്കുകയുള്ളു. പരിശുദ്ധനായ പൗലോസ് ശ്ലീഹ തന്റെ ശരീരത്തിലെ ക്ലേശം മാറാൻ മൂന്ന് പ്രാവശ്യം പ്രാർത്ഥിക്കുന്നു. എന്നാൽ 'എന്റെ കൃപ നിനക്കു മതി' എന്ന ഉത്തരമാണ് ലഭിക്കുന്നത്. പതിമൂന്നാം നൂറ്റാണ്ടിലെ ജർമ്മൻ മിസ്റ്റിക്കായ മായിസ്റ്റർ എക്കാർട്ട് പറയുന്നു, "പശുവിനെ കാണുന്നതുപോലെ ദൈവത്തെ കാണാനും സ്നേഹിക്കാനും ചിലർ ആഗ്രഹിക്കുന്നു. പാലിനും വെണ്ണയ്ക്കും ലാഭത്തിനും വേണ്ടിയാണല്ലോ ഈ സ്നേഹം."

ആത്മീയത എന്നതും വിശ്വാസജീവിതം എന്നതും ദൈവത്തെക്കൊണ്ട് പണി എടുപ്പിക്കലല്ല മറിച്ച് ദൈവഹിതത്തിന് സ്വയം സമർപ്പിച്ച് ജീവിത വിശുദ്ധിയോടും ഹൃദയനൈർമ്മല്യത്തോടും ജീവിക്കുകയാണ് പരിശുദ്ധ സഭ നമ്മെ പഠിപ്പിക്കുന്ന ജീവിത ശൈലി ഇതാണ്.

**ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്**

വാല്യം – 26 ലക്കം – 8

1987-2013

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

ആഗസ്റ്റ് 2013

BETHEL PATRIKA, P.B. NO. 38, CHENGANNUR
PH: 0479-2451331
E-mail: bethelpatrika@gmail.com
website : www.bethelpatrika.org

## താളുകളിൽ....

ഇടയപത്രിക
5 **പ്രകൃതിയുടെ മുന്നറിയിപ്പുകളെ അവഗണിക്കരുത്**
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

കാഴ്ചപ്പാട്
6 **"നോമ്പു വിവാഹം" ഒരു പുനർവിചിന്തനം**
ഫാ. ഡോ. തോംസൺ റോബി

ആരാധനാ വിജ്ഞാനീയം
7 **ഭാഗ്യതരംഗങ്ങൾ**
ഫാ. സഖറിയാ പനയ്ക്കാമറ്റം

വചനപരിച്ഛേദം
9 **വസ്ത്രവിചാരം ന്യായപ്രമാണ വെളിച്ചത്തിൽ**
ഫാ. പി.വി. ജോൺ

പഠനം
14 **എബ്രായ ലേഖനം**
ഫാദർ മാത്യു വറുഗീസ്, പുളിമൂട്ടിൽ

ലേഖനം
15 **ഈ പച്ചിപ്പ് അഗ്നിയിലേക്ക്**
അനാമിക

കൗൺസിലിംഗ് പംക്തി
17 **ഭാഷ നഷ്ടപ്പെടുത്തുന്ന വിമർശനങ്ങൾ**
ഫാ. പി.കെ. കോശി

ഏവൻഗേല്യോന്യധ്യാനം
21 **മെൽതോ**
ഫാ. ബിജു റ്റി. മാത്യു

| | |
|---|---|
| ബാലപത്രിക | 26 |
| ഹരിതപത്രിക | 27 |
| ഭദ്രാസന വാർത്തകൾ | 28 |
| സണ്ടേസ്കൂൾ വാർത്തകൾ | 29 |
| യുവവേദി | 29 |

വരിസംഖ്യ

| | |
|---|---|
| 1 വർഷം | ₹ 100 |
| 2 വർഷം | ₹ 200 |
| 5 വർഷം | ₹ 450 |
| 15 വർഷം | ₹ 1500 |

പരസ്യനിരക്കുകൾ

| | |
|---|---|
| Cover Back Multy | ₹ 5000 |
| Front Inner B/W | ₹ 3000 |
| Back Inner B/W | ₹ 2500 |
| Favours Received | ₹ 500 |
| Matrimonial | ₹ 500 |

**പത്രാധിപസമിതി**

**മാനേജിംഗ് എഡിറ്റർ & പബ്ലിഷർ**
അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ
ഫോൺ: 0479 – 2453310, 2451331
E-mail: marathanasios@gmail.com

**ചീഫ് എഡിറ്റർ**
റവ. ഫാദർ ഏബ്രഹാം കോശി കുന്നുംപുറത്ത്
ഫോൺ: 0479 – 2450287, 9447431096
E-mail: frabrahamkoshy@gmail.com

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാദർ വൈ. തോമസ്
ഫോൺ: 0479 – 2453551, 9495351959

**എഡിറ്റർ**
ശ്രീ. സജി പട്ടരുമഠം
ഫോൺ: 9446114346

**അസ്സോസിയേറ്റ് എഡിറ്റർ**
റവ. ഫാദർ സുനിൽ ജോസഫ് ഡാണാംപടിക്കൽ
ഫോൺ: 0479 – 2454504, 9947429667

**സർക്കുലേഷൻ മാനേജർ**
റവ. ഫാദർ തോമസ് വർഗ്ഗീസ്, കടവിൽ
ഫോൺ: 0479 – 2457586, 9447776146

**വെബ് അഡ്മിനിസ്ട്രേറ്റർ**
ശ്രീ. ബിനു ചാക്കോ
ഫോൺ: 0479 – 2311692, 9446697328
E-mail: binu303@gmail.com

**അംഗങ്ങൾ**
റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
റവ. ഫാദർ തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഐപ്പ് പി. സാം
റവ. ഫാ. മാത്യു ഏബ്രഹാം
റവ. ഫാ. ഷിബു വർഗ്ഗീസ്
ശ്രീ. ജോസ് പുതുവന
ശ്രീ. ഷാജൻ മാത്യു
ശ്രീ. എബി അലക്സാണ്ടർ
പ്രൊഫ. ബിൻസി റജി



# പ്രകൃതിയുടെ മുന്നറിയിപ്പുകളെ അവഗണിക്കരുത്

ആവർത്തിക്കപ്പെടുന്ന പ്രകൃതി ദുരന്തങ്ങൾ നൽകുന്ന പാഠങ്ങൾ തിരിച്ചറിയുവാൻ കഴിയാതെ മൂഢ സ്വർഗ്ഗത്തിൽ ജീവിക്കുന്നവരായി നാം മാറ്റപ്പെടുന്നു. കേരളത്തിന്റെ ഭൂപ്രദേശ സ്ഥിതിയനുസരിച്ച് പ്രകൃതിദുരന്തങ്ങൾ ആവർത്തിക്കപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങൾ പ്രത്യേകമായി ശാസ്ത്രം തിരിച്ചറിഞ്ഞിട്ടുണ്ട്. ദുരന്തങ്ങളെപ്പറ്റി മുന്നറിയിപ്പ് ഉണ്ടാകുമ്പോഴും ദുരന്തങ്ങൾ ഉണ്ടായതിനുശേഷവും പരക്കം പായുവാനാണ് നമുക്ക് താൽപര്യം. ഇത് അത്യന്തം കെടുകാര്യസ്ഥത ആണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയമായി നേതൃത്വം നൽകാൻ പരിചയമുള്ള സ്ഥിരം സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകണം. ദുരന്തം ഉണ്ടായതിനുശേഷം ഇത്തരം സംവിധാനങ്ങളെപ്പറ്റി ആവലാതിപ്പെടുന്നതും ദുരന്തസ്ഥലങ്ങളിൽ നിന്ന് അവരെ എത്തിക്കുവാൻ ശ്രമിക്കുന്നതും ഫലപ്രദമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഗുണകരമാവുകയില്ല. മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള ജലബോംബുകളുടെ ഭീഷണിയിൽ കേരള ജനത അധിവസിക്കുമ്പോൾ പ്രകൃതി ദുരന്തങ്ങളെ യാദൃശ്ചിക സംഭവങ്ങളായി മാത്രം കണ്ട് അവഗണിക്കാതെ കാര്യഗൗരവത്തോടെ സമീപിക്കുവാൻ കഴിയണം.

വിവാദങ്ങൾ വിട്ടൊഴിയാത്ത കേരളീയ പൊതുരംഗവും മറ്റൊരു ശാപമാണ്. കേരളത്തിലെ പൊതുസംവാദത്തിന്റെയും ചാനൽ ചർച്ചകളും പ്രകൃതിദുരന്തങ്ങളെ ഗൗരവമായി എടുക്കാതെ വിവാദങ്ങൾക്ക് പിറകേയാണ്.

പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കാൻ ഇടയുണ്ടെന്ന് പ്രകൃതി തന്നെ മുന്നറിയിപ്പ് നൽകുമ്പോൾ അവയെ നേരിടാനുള്ള സ്ഥിരസംവിധാനങ്ങളെപ്പറ്റിയാണ് ദീർഘവീക്ഷണമുള്ള സമൂഹം ആലോചിക്കുന്നത്. തത്വദീക്ഷയില്ലാത്ത വികസന കാഴ്ചപ്പാടുകളും ആർത്തിയിൽ ഊന്നിയുള്ള പ്രകൃതി സമീപനങ്ങളും, പ്രകൃതി വിഭവങ്ങളുടെ അതിരൂക്ഷമായ കൊള്ളയടിക്കലും പ്രകൃതി ദുരന്തങ്ങളുടെ ആക്കം വർദ്ധിക്കുന്നു.

മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകി സംതൃപ്തി അടയാതെ ആളുകൾ പ്രകൃതി ദുരന്തങ്ങളിൽ മരിക്കാതിരിക്കാനുള്ള മുൻകരുതലുകൾ ഉത്തരവാദിത്വമുള്ള പൊതുസമൂഹവും ഭരണകൂടവും കൈക്കൊള്ളണം. ദൈവം മനുഷ്യന് ഉത്തരവാദിത്വബോധത്തോടെ പരിപാലിക്കുവാൻ കൈമാറിയ ഭൂമി പ്രകൃതി ദുരന്തങ്ങൾക്ക് ഒട്ടും സാദ്ധ്യതയില്ലാത്ത ഭൂമിയായിരുന്നു. എന്നാൽ പാപം പ്രളയം എന്ന പ്രകൃതി ദുരന്തത്തെ സൃഷ്ടിച്ചു എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഉത്തരവാദിത്വപൂർണ്ണമായ, സ്വാർത്ഥതാരഹിതമായ പ്രകൃതി സമീപനങ്ങൾ പൊതുസമൂഹത്തിനും, രാഷ്ട്രീയ അതിപ്രസരങ്ങൾ ഇല്ലാത്ത വികസന കാഴ്ചപ്പാടുകൾ ഭരണകൂടത്തിനും അഴിമതിയില്ലാതെ പ്രവർത്തന സന്നദ്ധത ഉദ്യോഗസ്ഥ വൃന്ദത്തിനും ഉണ്ടായാൽ പ്രകൃതി ദുരന്തങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുവാൻ കഴിയും.

**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

കാഴ്ചപ്പാട്

# "നോമ്പു വിവാഹം" ഒരു പുനർവിചിന്തനം

**ഫാ. ഡോ. തോംസൺ റോബി**

പുരാതനമായ മലങ്കര ഓർത്തഡോക്സ് സഭയുടെ ആചാരാനുഷ്ഠാനങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് വി. നോമ്പ്. സഭയുടെ പഴമയിലും പാരമ്പര്യത്തിലും നോമ്പ് എന്നത് പവിത്രവും വിശുദ്ധവുമായ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നവയാണ്. സഭയാകമാനം കാനോനിക നോമ്പുകളെയും ബുധൻ, വെള്ളി നോമ്പുകളും നോക്കി അനുഷ്ഠിച്ച് അനുഗ്രഹം പ്രാപിക്കുക എന്നുള്ളത് തലമുറ തലമുറയായി നാം അനുശാസിക്കുന്ന നിയമവുമാണ്. എന്നാൽ അടുത്തകാലങ്ങളിലായി ഈ നോമ്പുകളുടെ പവിത്രതയെ കളങ്കപ്പെടുത്തുവാൻ ഇടയായ ഒന്നാണ് ''നോമ്പു വിവാഹം'' നോമ്പിൽ വിവാഹം അനുവദനീയമല്ല എന്ന ചിന്താധാരയിൽ നിന്ന് നാം അകന്നുപോകുന്നു എന്നത് വേദനാജനകമാണ്.

അത്ര ഒഴിച്ചുകൂടാൻ സാധ്യമല്ലാത്ത അടിയന്തിര സാഹചര്യങ്ങളിൽ മാത്രം പ്രത്യേകം അനുവാദം നൽകുന്നതായിരുന്നു നമ്മുടെ പതിവ്. എന്നാൽ അടുത്ത കാലത്തുണ്ടായ ഒരു പ്രയാസത്തിന്റെ വെളിച്ചത്തിൽ ഈ 'Special sanction' എന്നതിന്റെ പ്രസക്തി എന്താണ് എന്ന് ചിന്തിച്ചുപോകാൻ ഇടയായി. പരി. ബാവായുടെ അനുവാദത്തോടെ നടത്തപ്പെടുന്ന ഈ നോമ്പു വിവാഹത്തിലുടനീളം നോമ്പിന്റെ പരിപാവനത്വം സൂക്ഷിക്കുന്നുണ്ടോ എന്നത് വിലയിരുത്തേണ്ടതാണ്. വി. ശ്ലീഹാ നോമ്പിന്റെ മദ്ധ്യത്തിൽ ഒരു special അനുവാദ കല്യാണം നടത്തേണ്ട സാഹചര്യം ഉണ്ടായി. ഈ കല്യാണത്തിന്റെ പ്രത്യേക അനുവാദം കാരണം അന്വേഷിച്ചപ്പോൾ വീട്ടുകാരൻ പറഞ്ഞ മറുപടി "മണവാളന്റെ അമ്മയുടെ ആങ്ങള (സഹോദരൻ) അമേരിക്കയിൽ നിന്ന് വന്ന് മടങ്ങിപ്പോകുന്നതിന് നടത്താൻ വേണ്ടിയാണ്'' എന്നായിരുന്നു. പെൺകുട്ടിയുടെ വീട്ടുകാരും നോമ്പു കഴിഞ്ഞ് വിവാഹം എന്നാഗ്രഹിച്ചെങ്കിലും ആൺകുട്ടിയുടെ വീട്ടുകാർ ഈ കാരണം മുൻനിർത്തി നോമ്പിൽ കല്യാണം നടത്തുവാനുള്ള അനുവാദ വാങ്ങി എന്നാണറിയുന്നത്. തുടർന്ന് ബാവായുടെ special sanction കല്പനയും ദേവലോകത്ത് ഓഫീസിൽ അടച്ച തുകയുടെ രസീതും കാണിച്ചു. (ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്)

വിദേശത്തുള്ളവരുടെ സൗകര്യം അംഗീകരിക്കുന്നത് ശരിയാണെങ്കിലും വി. നോമ്പിൽ വിവാഹം നടത്തുവാൻ ഈ കാരണം ന്യായമാണോ എന്ന് ചിന്തിക്കുന്നത് നല്ലതായിരിക്കും. വിദേശത്തുള്ളവർക്ക് വേണ്ടി വിവാഹം നോമ്പു തുടങ്ങുന്നതിന് മുമ്പ് എന്ന രീതിയിൽ ക്രമീകരിക്കുകയോ അതല്ലെങ്കിൽ പോകുന്നത് നോമ്പു കഴിഞ്ഞോ ആകാമല്ലോ? അതിനനുസരിച്ച് അവധി ക്രമീകരിച്ചു വന്നാൽ മതിയല്ലോ! അമേരിക്കയിലുള്ളവരുടെ (വിദേശത്തുള്ളവരുടെ) സൗകര്യത്തിനായി പവിത്രമായ നോമ്പ് അനുഭവത്തെ കളങ്കപ്പെടുത്താമോ? കല്പനയിൽ ആർഭാടം പാടില്ല, വിളിച്ചു ചൊല്ലുവാൻ പാടില്ല തുടങ്ങിയ നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ കൽപ്പനയിൽ ''വിവാഹത്തിന്റെ ഭക്ഷണം നോമ്പിലെ ക്രമീകരണങ്ങൾ ആയിരിക്കണം'' എന്ന പ്രധാന നിർദ്ദേശം വിസ്മരിച്ചിരുന്നു. വിവാഹം ആർഭാടമായി നടന്നു. (മേൽപ്പട്ടക്കാർ പങ്കെടുത്തില്ല). വിവാഹസൽക്കാരത്തിന്

ശേഷം 20-ാം പേജിൽ

# ഭാഗ്യതരംഗങ്ങൾ

ഫാ. സഖറിയാ പനയ്ക്കാമറ്റം

*"ദൈവസുതദ്ധ്വനി കാവലു നൽകും -*
*സഭ നീ ഭാഗ്യവതി*
*പാതാളത്തിൻ വാതിലുകൾക്കി-*
*ല്ലൂറ്റം നിൻ മുമ്പിൽ*
*ഭക്ഷിപ്പാൻ നിൻ -*
*മക്കൾക്കായ് തനുവും പാനം*
*ചെയ്തിടുവാൻ -*
*നിണവുമവൻ നൽകി."*

*(ചൊവ്വാ സന്ധ്യാനമസ്ക്കാരം)*

അല്ലയോ വിശുദ്ധ സഭയേ ദൈവപുത്രന്റെ ശബ്ദം നിനക്കു കാവലായിത്തീരുകയും പാതാളവാതിലുകൾ നിന്നോടു ബലം ചെയ്‌വാൻ കഴിയാതിരിക്കുകയും ചെയ്യുന്നതിനാൽ നിനക്കു ഭാഗ്യം. തന്റെ ശരീരം നിനക്കു ഭക്ഷണമായും രക്ഷയുടെ കാസായാകുന്ന തിരുരക്തം നിന്റെ മക്കൾക്ക് പാപപരിഹാരമായും നൽകിയിരിക്കുന്നു.'

തിങ്കൾ, ചൊവ്വ, വ്യാഴം ദിവസങ്ങളിലെ സാധാരണ നമസ്ക്കാരത്തിൽ സന്ധ്യയിലും പ്രഭാതത്തിലും അനുതാപം, അനുസരണം, ആരാധന എന്നീ വിഷയങ്ങൾക്ക് പ്രധാന്യം നൽകി ഗീതഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നു. അനുതാപത്തിന്റെ ധ്യാനചിന്തകൾക്ക് മുൻഗണനയും നൽകിയിരിക്കുന്നു. ഒരു ദിവസത്തെ പ്രാർത്ഥന എന്തിനെ സൂചിപ്പിക്കുന്നുവെന്ന് അതാത് ദിവസങ്ങളിലെ കുക്കിലിയോൻ ശ്രദ്ധിച്ചാൽ അറിയാവുന്നതാണ്.

**ആരാധന - ക്രിസ്തീയ ജീവിതത്തിന്റെ മർമ്മം**

ധ്യാനനിർഭരമായ വ്യക്തിപരമായ പ്രാർത്ഥനയും, സഭയുടെ മറ്റ് അംഗങ്ങളോട് ചേർന്നുള്ള പൊതു ആരാധനയിലെ പങ്കാളിത്തവും വി. കുർബ്ബാനയാകുന്ന സ്തോത്രബലിയർപ്പിക്കുന്ന പരസ്യാരാധനയും ഒന്നുചേരുമ്പോഴാണ് ക്രിസ്തീയ ആരാധന പൂർണ്ണതയിൽ എത്തുന്നത്.



**ഭയത്തിൽനിന്നുള്ള മോചനം**

ഹീനമായ അവസ്ഥയിൽ നിന്നും ഉന്നതമായ അവസ്ഥയിലേക്ക് കൊണ്ടുവരുവാൻ ദൈവം തീരുമാനിച്ചിരിക്കുന്നു എന്ന ബോധം നമുക്ക് ഭയത്തിൽ നിന്നുള്ള മോചനം നൽകുന്നു. ''നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന് ഇത് നിങ്ങളോടു സംസാരിക്കുന്നു; ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവീൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." (വി. യോഹ. 16:33)

സന്താപവും അനുതാപവും ആരാധനയുടെ ഒരു ഭാഗം മാത്രമാണ്. എന്നാൽ അതോടൊപ്പം ആനന്ദവും സമാധാനവും ആരാധനയുടെ മറ്റൊരു ഭാഗം ആണ്. പാപികളായിരിക്കുമ്പോൾ തന്നെ സകലത്തിനും ക്ഷമ നൽകി തന്റെ സഹോദരങ്ങളും പിതാവിന്റെ മക്കളുമായി നമ്മെ ക്രിസ്തുമുഖാന്തിരം ദത്തെടുത്തിരിക്കുന്നുവെന്ന ചിന്തയാണ് ആനന്ദത്തിന് അടിസ്ഥാനമായിട്ടുള്ളത്. ഭൗതീകമായ ആശങ്കകളിൽ നിന്നും ഭാരങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുമ്പോൾ മാത്രമേ ആരാധനയിലെ ആനന്ദത്തിനു പൂർണ്ണതയുണ്ടാകുകയുള്ളൂ. മറ്റുള്ളവരോട് പകയും വിദ്വേഷവും വെടിഞ്ഞ് സ്നേഹബന്ധത്തിൽ മദ്ധ്യസ്ഥതയണയ്ക്കുവാനും അപ്പോൾ സാദ്ധ്യമാകുന്നു.

**സഭയെ നിനക്കു ഭാഗ്യം :-**

ദൈവത്തെയും മനുഷ്യനെയും തമ്മിൽ പരസ്പരം അനുരഞ്ജനം ചെയ്യിക്കുകയെന്നതാണ് പൗരോഹിത്യ നിർവ്വഹണം. വിശുദ്ധ കുർബ്ബാനാനുഭവത്തിന് മുമ്പ് 'ഹൂസോയോ' അഥവാ പാപമോചനം നൽകുന്നതിനുള്ള അവകാശവും അനുവാദവും സഭയിൽ നിക്ഷിപ്തമായിരിക്കുന്നു. അതിന്റെ പ്രതീകമായി നിലകൊള്ളുന്ന മഹാപുരോഹിതനുള്ള പ്രധാനമായ പേര് സുറിയാനിയിൽ 'ഹസിയോ ദു റൂഹോ' എന്നാണ്. പാപമോചനം നൽകുന്ന ദൂതനായി നിന്ന് സകലർക്കും വേണ്ടി മദ്ധ്യസ്ഥതയും ബലിയും അർപ്പിക്കുന്നതാണ് പ്രധാനാചാര്യന്റെ ചുമതല. ഭാഗ്യങ്ങൾ നിറഞ്ഞ സഭയുടെ ദൗത്യവും അതുതന്നെ.

ആരാധിക്കുമ്പോഴും കൂദാശകൾ അനുഷ്ഠിക്കുമ്പോഴും ഫലപ്രാപ്തിയുണ്ടാകുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമാണ്. പൗരസ്ത്യസഭകളുടെ വിശ്വാസം അനുസരിച്ച് മഹാപുരോഹിതനായ യേശുക്രിസ്തുവും, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭാവിശ്വാസികളും ഒന്നിച്ച് അനുഷ്ഠിക്കുന്ന രഹസ്യാത്മകമായ വിശുദ്ധ കർമ്മമാണ് ഓരോ കൂദാശയും അതിനോടു ചേർന്നുള്ള പ്രാർത്ഥനകളും. ദൈവാരാധനയുടെ അന്തരീക്ഷത്തിൽ മാത്രമേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ത്വരിതഗതിയിലാകുകയുള്ളൂ. വി. കുർബ്ബാനയർപ്പണ സമയത്ത്, 'സഭയിലെ സകല കൂദാശകളെയും പൂർത്തീകരിക്കുന്ന ആത്മാവിനെ എന്റെ മേലും സമർപ്പിതമായിരിക്കുന്ന ഈ കുർബ്ബാനയുടെമേലും അയച്ചുതരുമാറാകണമേ' എന്ന് (മാർ ദിവന്നാസ്യോസ് ബർസ്ലീബിയുടെ ക്രമം) രഹസ്യപ്രാർത്ഥനയിൽ ചേർത്തിരിക്കുന്നു.

പലപ്പോഴും സമയത്തിന്റെ ഗൗരവവും പ്രാർത്ഥനയുടെ ആഴവും ഉൾക്കൊള്ളാതെ അലസമായി സംബന്ധിക്കുന്നവരുണ്ട്. ഒരു വിവാഹനിശ്ചയത്തിന്റെ അവസരമാണെങ്കിൽ പോലും ആത്മീയ അന്തരീക്ഷത്തിൽ നടത്തേണ്ടതായ പ്രാർത്ഥനകളും അനുഷ്ഠാനങ്ങളും ചെവിയടയ്ക്കുന്ന വാദ്യോപകരണങ്ങളുടെ പശ്ചാത്തലത്തിലും സിനിമാ ഗാനങ്ങളുടെ അകമ്പടിയോടെയുമാണ് ഈയിടെയായി അവസാനിക്കുന്നത്. അതിന് പതിനായിരങ്ങൾ പ്രത്യേകം ബഡ്ജറ്റ് ചെയ്യുവാനും ചിലവാക്കുവാനും ഒരു വൈമനസ്യവും ആരും കാണിക്കുന്നില്ല. ദൈവത്തിന്റെ ശക്തിയും ആരാധനാ ശബ്ദത്തിന്റെ ആഴവുമാണ് ജീവിതത്തിന് കാവലായി തീരുന്നതെന്ന സത്യം വിസ്മരിക്കപ്പെട്ടുപോകുന്നു.

**വി. കുർബ്ബാന - ലോകത്തിന് മുഴുവൻ വേണ്ടി :-**

വി. കുർബ്ബാന ദൈവസന്നിധിയിൽ സമർപ്പിക്കുന്നത് വിശ്വാസികൾ മാത്രമാണ്. എങ്കിലും മണ്ണിൽ നിന്നുണ്ടാകുന്ന അപ്പവീഞ്ഞുകളെ ദൈവസന്നിധിയിൽ അർപ്പിക്കുന്നതിനോടൊപ്പം തിരുശരീരരക്തത്താൽ വിശുദ്ധീകരിക്കപ്പെടുന്ന മനുഷ്യശരീരത്തേയും മനുഷ്യജീവനേയും മാത്രമല്ല പ്രപഞ്ചം മുഴുവനായി ദൈവത്തിന് സ്തോത്രബലിയായ് അർപ്പിക്കപ്പെടുകയാണ്.

'വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കുമായി നൽകപ്പെടുന്ന' വി. കുർബ്ബാന, അനുഭവിക്കുന്നവർക്ക് അതിനായുള്ള ഒരുക്ക ശുശ്രൂഷ അത്യന്താപേക്ഷിതമാണ്. ഓരോ വ്യക്തിയുടേയും ഒരുക്കമനുസരിച്ച് വി. കുർബ്ബാന അനുഭവിക്കുവാനുള്ള ബലം ലഭിക്കുകയും മനസ്സിനെ സ്വയം സ്വാധീനിക്കുവാൻ സാധിക്കുകയും ചെയ്യുന്നു. മനസ്സിനെ സങ്കീർണ്ണമാക്കുന്ന തരംഗങ്ങളുടെ ലോകം അപകടം നിറഞ്ഞതാണ്. ഒരുവനിലുള്ള തരംഗങ്ങളെ സ്വയം നോക്കി തിരിച്ചറിയുവാൻ ഒരുക്ക ശുശ്രൂഷ

ശേഷം 20-ാം പേജിൽ

വചനപരിച്ഛേദം

# വസ്ത്രവിചാരം

## ന്യായപ്രമാണ വെളിച്ചത്തിൽ

തുടർച്ച

ഫാ. പി.വി. ജോൺ

കച്ചവടവൽക്കരണ മനസ്ഥിതിയും, ടി.വി. സിനിമ തുടങ്ങിയ മാദ്ധ്യമങ്ങളും നമ്മുടെ വസ്ത്രധാരണ സങ്കല്പങ്ങളെ പാടെ കടപുഴക്കിക്കളഞ്ഞിരിക്കുന്നു. പണത്തിനും പ്രശസ്തിക്കും വേണ്ടി ഏതുമാർഗ്ഗവും സ്വീകരിക്കുവാൻ ഇന്നത്തെ മനുഷ്യന് മടിയില്ലാതായി തീർന്നിരിക്കുന്നു. നാം നിരന്തരം കാണുന്ന പരസ്യങ്ങൾ ഈ സത്യം വിളിച്ചോതുന്നു. ഏതൊന്നിന്റെയും പരസ്യത്തിന് അർദ്ധനഗ്നയായ നാരി അനിവാര്യമായിരിക്കുന്നു. ബാത്ത് ടബ്ബിലെ സോപ്പു പതയിൽ മുങ്ങിക്കിടക്കുന്ന നഗ്നയെന്ന് തോന്നിക്കുന്ന തരുണീമണിയുടെ കരത്തിലോ, കുളിച്ച് ഈറനണിഞ്ഞ് കയറി വരുന്ന അർദ്ധനഗ്നയായ യുവസുന്ദരിയുടെ കരത്തിലോ കാണുന്ന സോപ്പു മാത്രമാണ് സൗന്ദര്യവർദ്ധകമെന്ന പരസ്യം നമ്മെ തെറ്റിദ്ധരിപ്പിക്കുന്നു. സ്വർണ്ണാഭരണങ്ങളുടെ മാറ്റു വർദ്ധിപ്പിക്കണമെങ്കിൽ അല്പവസ്ത്രധാരിയായ സുന്ദരിയുടെ കഴുത്തിലോ കാതിലോ കരങ്ങളിലോ പ്രദർശിപ്പിച്ചേ മതിയാകൂ. എന്തിന് സ്ത്രീ സൗന്ദര്യവുമായി പുലബന്ധം പോലുമില്ലാത്ത വസ്തുക്കളുടെ പരസ്യത്തിൽപോലും സ്ത്രീകളെ വിവസ്ത്രയാക്കി കാണിക്കുന്നു. പരസ്യകമ്പനികൾ പറയുന്ന ഏതു വിധത്തിലും നിന്നു കൊടുക്കുവാൻ പെൺകുട്ടികൾക്ക് ഒരു മടിയുമില്ലാതായി തീർന്നിരിക്കുന്നു. സ്ത്രീകളെ ഈവിധത്തിൽ പ്രദർശന വസ്തുവും കച്ചവടച്ചരക്കുമായി തരംതാഴ്ത്തി കാട്ടുന്നതിനോട് ഒരു സ്ത്രീവിമോചന സംഘടനയും സ്ത്രീ സമത്വവാദികളും പ്രതികരിക്കുകയോ ഒരു ചെറുവിരൽ പോലും ചലിപ്പിക്കുവാനോ തയ്യാറാകുന്നില്ലായെന്നതാണ് വിചിത്രവും അതിശയനീയവുമായ വസ്തുത. സ്ത്രീ സ്വാതന്ത്ര്യത്തിനുവേണ്ടിയും സ്ത്രീസമത്വത്തിനുവേണ്ടിയും സ്ത്രീവിമോചനത്തിനുവേണ്ടിയും വാതോരാതെ പ്രസംഗിക്കുന്നവർ എന്തേ ഇവിടെ മൗനം അവലംബിക്കുന്നു.



വസ്ത്രത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും വിമോചനവുമാണോ ഇവർ ആഗ്രഹിക്കുന്നത് എന്ന തോന്നൽ ഈ മൗനം ഉളവാക്കുന്നു. ആനുഷംഗികമായി ഒരു കാര്യം. സ്ത്രീകൾ സംവരണത്തിനു വേണ്ടി വാദിക്കുമ്പോൾ തങ്ങൾ പുരുഷന്മാരേക്കാൾ അധഃസ്ഥിതരെന്നു സ്വയം സമ്മതിക്കുകയല്ലേ ചെയ്യുന്നത്. പുരുഷൻ ധരിക്കുന്ന വസ്ത്രം ധരിച്ചതുകൊണ്ടോ വസ്ത്രത്തിന്റെ അളവ് കുറച്ചതുകൊണ്ടോ സമത്വം ലഭിക്കുകയില്ലായെന്നത് ആരും സമ്മതിക്കും. ഇന്ന് സ്ത്രീകൾ എത്തിച്ചേരാത്ത മേഖലകളില്ല. നല്ല കാര്യം തന്നെ. അത് അനുപേക്ഷണീയവുമാണ്. അതിന് അവസരം ഒരുക്കുകയെന്നത് അനിവാര്യമാണ്. എന്നാൽ അതെല്ലാം വസ്ത്രധാരണ രീതി മാറ്റിയതുകൊണ്ടു കരഗതമായതല്ല. അങ്ങനെ കരഗതമാകുകയില്ല. ഭാരതത്തിന്റെ അത്യുന്നത പദവിയായ രാഷ്ട്രപതി സ്ഥാനത്തുവരെ സ്ത്രീകൾ വളർന്നിരിക്കുന്നു. ഭാരതത്തിന്റെ രാഷ്ട്രപതിയായിരുന്ന ശ്രീമതി പ്രതിഭാ പാട്ടീൽ സാരിയുടുത്തു നടന്നതുകൊണ്ട് ലോക രാഷ്ട്രങ്ങളുടെ മുൻപിൽ അവർക്ക് ലഭിക്കുന്ന ബഹുമതിക്കും അംഗീകാരത്തിനും ഒരു മങ്ങലുമേറ്റിരുന്നില്ലായെന്നു മാത്രമല്ല, മഹത്വം വർദ്ധിക്കുകയും ചെയ്തിരുന്നു. ഏതു വേദിയിലും സാരിയുടുത്ത് ചുറുചുറുക്കോടെ കയറിച്ചെന്നിരുന്ന ഭാരതത്തിന്റെ മുൻ പ്രധാനമന്ത്രിയും നമ്മുടെ നാടിന്റെ അഭിമാനഭാജനവുമായിരുന്ന ഇന്ദിരാഗാന്ധി മറ്റൊരുദാഹരണമാണ്. എന്തിന് ലോക ജനതയുടെ ഹൃദയം കവർന്ന മദർ തെരേസക്കുപോലും സാരി ഒരലങ്കാരമായിരുന്നു. ഇവരൊക്കെ ഒരുപക്ഷേ പുരുഷവേഷം ധരിച്ച് ജനമദ്ധ്യത്തിൽ എത്തിയിരുന്നുവെങ്കിൽ ഇവരുടെ മഹത്വം കുറയുമായിരുന്നുവെന്നതിൽ പക്ഷാന്തരമില്ല. സ്ത്രീ എപ്പോഴും ബഹുമാനിതയാകുന്നത് സ്ത്രീത്വത്തിനു ചേരുന്ന മാന്യമായ വേഷം ധരിക്കുമ്പോഴാണ് എന്നത് തർക്കമില്ലാത്ത വസ്തുതയാണ്. അല്പ വസ്ത്രധാരിയായി ജനമദ്ധ്യത്തിൽ കടന്നുവന്ന് മനുഷ്യമനസ്സുകളിൽ ഹരം പകരുന്ന സൗന്ദര്യധാമങ്ങളായ നടികളും മോഡലുകളും കാലവിളംബ മദ്ധ്യേ മനുഷ്യഹൃദയങ്ങളിൽ നിന്നു മാഞ്ഞുപോകുകയും പിൻതലമുറക്കാർ ആ സ്ഥാനം കൈയേറുകയും ചെയ്യുന്നുവെന്നത് ചിന്തനീയ വസ്തുത തന്നെയാണ്.

ഇതെല്ലാം സത്യമാണെന്ന് അറിയാമെങ്കിലും വളർന്നു വരുന്ന തലമുറകളുടെ വികലമായ ഈ വസ്ത്ര വിഭ്രാന്തിയെ നിയന്ത്രിക്കുവാൻ മുതിർന്ന തലമുറ എന്തുകൊണ്ട് തയ്യാറാകുന്നില്ല എന്നതും ഇത്തരുണത്തിൽ ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. മക്കളെ പലകാര്യത്തിലും നിയന്ത്രിക്കാൻ ധൈര്യമില്ലാത്ത മാതാപിതാക്കളുടെ സംഖ്യ വിരളമല്ല. അവരുടെ ആഗ്രഹം സാധിച്ചുകൊടുത്തില്ലായെങ്കിൽ അവർ എന്തെങ്കിലും അതിക്രമം കാട്ടും എന്ന ഭയമാണ് പലരെയും ഭരിക്കുന്നത്. തത്തുല്യമായ കാലിക സംഭവങ്ങൾ അവരെ പരിഭ്രാന്തരാക്കുന്നു. മക്കൾക്കു കരഗതമാകാൻ സാദ്ധ്യതയുള്ള പണത്തിന്റെയും പ്രശസ്തിയുടെയും മായിക പ്രപഞ്ചത്തെ സ്വപ്നം കണ്ട് തങ്ങളുടെ മക്കളെ അതിനായി ഒരുക്കി വിടുന്ന മാതാപിതാക്കളും കുറവല്ല. ഒന്നും രണ്ടും കുട്ടികളുടെ മാതാവായിത്തീർന്നിട്ടും സ്വന്തം ശരീരവടിവു പ്രദർശിപ്പിക്കുവാൻ പര്യാപ്തമായ ഇറുകിപ്പിടിച്ചു കിടക്കുന്ന വസ്ത്രം ധരിക്കുന്ന മാതാവിൽ നിന്നാണല്ലോ മക്കൾ വസ്ത്രധാരണത്തിന്റെ ആദ്യപാഠങ്ങൾ പഠിക്കുന്നത്. ഇറുകിപ്പിടിച്ചു കിടക്കുന്ന പാന്റും അതിലധികം ഇറുകി ചേർന്നു കിടക്കുന്ന റ്റീ ഷർട്ടും ധരിച്ച് കൂടെ സഞ്ചരിക്കുന്ന ഭാര്യയുടെ അംഗലാവണ്യങ്ങളിൽ പതിക്കുന്ന ഗൃദ്ധ്യ ദൃഷ്ടികളെ കാണാത്ത ഭാവത്തിൽ നടക്കേണ്ടി വരുന്ന ഭർത്താക്കന്മാരുടെ ഗതികേടിൽ അനുശോചിക്കുക മാത്രമാണ് കരണീയം. ത്രസിപ്പിക്കുന്ന അംഗലാവണ്യങ്ങളെ അതേപടിയോ അതിലധികമോ പ്രദർശിപ്പിക്കുവാൻ പര്യാപ്തമായ വസ്ത്രം ധരിച്ചു കൂടെ നടക്കുന്ന യൗവ്വനയുക്തയായ മകളിൽ പതിക്കുന്ന ഏവംവിധ നയനങ്ങളെ കണ്ടിട്ടും കണ്ടില്ലായെന്ന് നടിക്കുകയോ. അതല്ല അത് തന്നിലേക്കു തന്നെയാണ് വന്നുപതിക്കുന്നത് എന്ന് വ്യാമോഹിച്ച്, പ്രായത്തിന്റെ അവശതകളെ ഇറുകിയ വസ്ത്രങ്ങളാൽ അതിജീവിക്കുവാൻ ശ്രമിക്കുന്ന അമ്മമാർക്ക് ഹാ കഷ്ടം എന്നേ പറയുവാൻ കഴിയുന്നുള്ളു. അതുകൊണ്ട് പാരമ്പര്യമായ വസ്ത്രധാരണ രീതി മാത്രമേ പാടുള്ളു എന്ന് വാദിക്കുകയല്ല എങ്കിലും സാരിയിൽ പ്രകടമാകുന്ന ശാലീനസൗന്ദര്യം മറ്റൊന്നിനും കിട്ടുകയില്ല എന്ന് സമ്മതിച്ചേ മതിയാകൂ. പക്ഷെ, ഫാഷൻ ഭ്രമം അതിനെപ്പോലും വികലമാക്കി കളയുന്നുവെന്നതും ഒരു സത്യമാണ്. തങ്ങൾക്ക് സൗകര്യപ്രദവും മാന്യവും കാഴ്ചക്കാർക്ക് അരോചകവുമല്ലാത്ത വസ്ത്രം തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്.

വസ്ത്രം നമ്മുടെ വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുന്നു. സ്വഭാവത്തെ വെളിവാക്കുന്നു. സംസ്ക്കാരത്തെ ഉദ്ഘോഷിക്കുന്നു. നാം ആരാണെന്ന് അത് വിളിച്ചറിയിക്കുന്നു. വസ്ത്രധാരണ

ത്തിലൂടെ സ്ത്രീയെയും പുരുഷനെയും തിരിച്ചറിയുമ്പോഴാണ് അവരവർ അർഹിക്കുന്ന മാന്യതയും അഗീകാരവും ലഭിക്കുക. കഴിഞ്ഞ നൂറ്റാണ്ടിന്റെ മദ്ധ്യകാലംവരെ വസ്ത്രധാരണരീതിയിലൂടെ ആയിരുന്നു. ഒരാൾ ക്രിസ്ത്യാനിയോ, ഹിന്ദുവോ, മുസൽമാനോ, കേരളീയനോ, തമിഴ്നാട്ടുകാരനോ, പഞ്ചാബിയോ എന്നൊക്കെ തിരിച്ചറിഞ്ഞിരുന്നത്. ജാതിമതരാഷ്ട്രീയ മതിൽക്കെട്ടുകൾക്കപ്പുറമായി മനുഷ്യനെ മനുഷ്യനായി കാണാൻ വസ്ത്രധാരണ രീതിയിലുള്ള മാറ്റം ഒരു പരിധിവരെ സഹായിച്ചെന്നുവരാം. എന്നാൽ വസ്ത്രത്തിലല്ല; മനോഭാവത്തിലും ചിന്താഗതിയിലും സ്വഭാവത്തിലുമാണ് മാറ്റംവരേണ്ടത്. ഇന്ന് വസ്ത്രം മാറിയെങ്കിലും സ്വഭാവം വഷളാകുക മാത്രമാണ് സംഭവിച്ചിട്ടുള്ളത്. നാടിന്റെ സംതൃപ്തിക്കനുസരണമായി വസ്ത്രത്തിൽ നിന്നുള്ള മാറ്റം മറ്റു സംസ്ഥാനങ്ങളേക്കാൾ കൂടുതൽ പ്രകടമായിട്ടുള്ളത് കേരളത്തിലാണ്. പ്രത്യേകിച്ചും കേരളത്തിലെ ക്രൈസ്തവരിൽ, എന്നെ എന്റെ വസ്ത്രത്തിലൂടെ ക്രിസ്ത്യാനിയായി തിരിച്ചറിയുമെങ്കിൽ, ഒരു ക്രിസ്താനിക്കു ചേരുന്ന സംസാരവും പെരുമാറ്റവും കാഴ്ചവയ്ക്കാൻ ഞാൻ സ്വയം നിർബന്ധിതനായി തീരും. മറ്റുള്ളവർ എന്നിൽ നിന്ന് അത് പ്രതീക്ഷിക്കുകയും ചെയ്യും. ഏത് വസ്ത്രം ധരിച്ചാലും അത് മാന്യതയുടെ അതിർവരമ്പുകളെ ലംഘിക്കാത്തതാകുമ്പോഴാണ് മറ്റുള്ളവർ നമ്മെ അംഗീകരിക്കുന്നത്. ഒരു ക്രൈസ്തവ പുരോഹിതന് ആ മതം കല്പിച്ച് കൊടുത്തിട്ടുള്ള വസ്ത്രധാരണ രീതിയുണ്ട്. അയാളോട് മറ്റുള്ളവർ അദ്ദേഹത്തിന്റെ സ്ഥാനമഹിമയ്ക്കനുസരണമായി പെരുമാറണമെങ്കിൽ ആ വേഷത്തിൽ ജനമദ്ധ്യത്തിൽ വർത്തിച്ചേ മതിയാകൂ. പുരോഹിത വസ്ത്രം ധരിക്കാതെ എനിക്ക് ആ മാന്യതയൊന്നും വേണ്ടാ എന്നു പറഞ്ഞു നടക്കുന്ന പുരോഹിതന്മാർ, ഒരു പുരോഹിതനെ ബഹുമാനിക്കുന്നതിൽ നിന്ന് അവർക്ക് ലഭിക്കുന്ന അനുഗ്രഹത്തെ നഷ്ടപ്പെടുത്തുന്നുവെന്നതിനാൽ ജനത്തോടു കാട്ടുന്ന ഒരനീതിയായി അത് പരിണമിക്കുന്നു. വേഷത്തിലല്ല, പെരുമാറ്റത്തിലാണ് പൗരോഹിത്യം പ്രകടമാക്കേണ്ടത് എന്ന് വേണമെങ്കിൽ വാദിക്കാം. വേഷത്തിൽ മാത്രം പുരോഹിതനായതുകൊണ്ട് കാര്യമില്ലയെന്നത് സത്യം തന്നെ. എന്നാൽ ഒരു പുരോഹിതന് തന്നെത്തന്നെ നിയന്ത്രിക്കുവാനും, പുരോഹിതന് ചേരുവിധം സംസാരിക്കുവാനും പെരുമാറുവാനും താൻ ഒരു പുരോഹിതനാണെന്ന് സ്വയാവബോധമുളവാക്കുവാനും ആ വസ്ത്രം ഉപകരിക്കുന്നു. അതിലുപരിയായി മറ്റുള്ളവർ തന്നെ പുരോഹിതനായി തിരിച്ചറിയുന്നു എന്ന ബോധം, സംസാരത്തിലും പെരുമാറ്റത്തിലും ഉണ്ടാകാവുന്ന പ്രലോഭനങ്ങളെ അതിജീവിക്കുവാൻ കരുത്തുനൽകും. വേഷം ആ വിധത്തിൽ സ്വാധീനം ചെലുത്തുന്നുവെന്ന സത്യം ഇത് വെളിവാക്കുന്നു. ആത്മനിയന്ത്രണത്തിന് വഴിതെളിക്കുന്നു. കർമ്മത്തെ സുസാദ്ധ്യമാക്കുന്നു. ഒപ്പം നമ്മുടെ വ്യക്തിത്വത്തെ വികസിപ്പിക്കുകയും നമ്മിൽ ആത്മബോധനം വളർത്തുകയും ചെയ്യുന്നു. സ്ത്രീ പുരുഷവേഷം ധരിക്കുമ്പോൾ സ്ത്രീത്വത്തെ അവഹേളിക്കുന്നു. പുരുഷൻ സ്ത്രീവേഷം ധരിക്കുമ്പോൾ പുരുഷത്വത്തിന്റെ വില നഷ്ടപ്പെടുത്തുന്നു.

നാം ധരിക്കുന്ന വസ്ത്രം നമ്മുടെ വ്യക്തിത്വത്തെ പ്രകാശിപ്പിക്കുന്നതിനോടൊപ്പം അന്യരോടുള്ള ബഹുമാനവും ആദരവും പ്രകടമാക്കുകയും ചെയ്യുന്നു. നമ്മുടെ അടുത്ത ബന്ധുവിന്റെയോ സ്നേഹിതന്റെയോ വിവാഹത്തിനോ, സൽക്കാരത്തിനോ നാം സംബന്ധിക്കുമ്പോൾ അയാളുടെ മാന്യതയ്ക്കും മഹത്വത്തിനും ചേരുന്ന വസ്ത്രം ധരിക്കുക എന്നത് ഒരു സാമാന്യ മര്യാദയാണ്. അയാൾ നമ്മെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുമ്പോൾ ജാള്യതയും ലജ്ജയും മടിയും കൂടാതെ അത് ചെയ്യുവാൻ ഉതകുന്ന മാന്യമായ വസ്ത്രം ധരിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. അല്ലെങ്കിൽ നാം അവരെ അവഹേളിക്കുന്നതായി പരിണമിക്കും. കർത്താവ് പറഞ്ഞ കല്യാണ വസ്ത്രത്തിന്റെ ഉപമ ഇവിടെ ചേർത്തുവായിക്കുമ്പോൾ അതു കുറേക്കൂടെ വ്യക്തമാകും. മത്താ: 22:11, 12 വാക്യങ്ങൾ വിളിച്ചു വരുത്തിയതാണെങ്കിലും കല്യാണ വസ്ത്രം ധരിക്കാതിരുന്ന മനുഷ്യനെ പുറത്താക്കികളയുന്നതായി നാം അവിടെ വായിക്കുന്നു. എനിക്ക് ഇഷ്ടമുള്ള വസ്ത്രം ധരിക്കും എന്ന് വാദിക്കുന്നവരുടെ കൂട്ടത്തിൽപ്പെട്ട ഒരുവനായിരുന്നു അയാൾ. അയാളോടു രാജാവ് കാട്ടിയത് നിഷ്ഠൂരമായ പ്രവർത്തിയായിപ്പോയി എന്നു തോന്നാം. ക്ഷണിക്കപ്പെട്ടവർ ഓരോ കാര്യം പറഞ്ഞ് വരുവാൻ മനസ്സുകാട്ടാതെയിരുന്നപ്പോൾ, വഴിത്തലയ്ക്കലും പെരുവഴികളിലും കണ്ട ദുഷ്ടന്മാരെയും നല്ലവരേയും എല്ലാം വിളിച്ചുവരുത്തി വിരുന്നുശാല നിറച്ച രാജാവിന്റെ ഔദാര്യം കൂട്ടിവായിക്കുമ്പോഴാണ് വസ്ത്രത്തിന്റെ മഹത്വം വെളിവാകുന്നത്. കല്യാണ വസ്ത്രം എല്ലാവർക്കും നൽകി

പക്ഷെ അയാൾ മാത്രം ധരിച്ചില്ല. അത് രാജാവിനെ അവഹേളിക്കുന്ന പ്രവൃത്തിയാണ്. വീട്ടിൽ നമുക്ക് എന്തും ധരിക്കാം. അത് നമ്മുടെ മാത്രം സ്വകാര്യതയാണ്. എന്നാൽ വെളിയിൽ പോകുമ്പോൾ ധരിക്കുന്ന വസ്ത്രം മാന്യമായതു തന്നെയായിരിക്കണം. അത് നമ്മുടെ മാന്യതയെ വെളിവാക്കുന്നതോടൊപ്പം അന്യരോടു കാട്ടുന്ന ബഹുമാനവും പ്രകടമാക്കുന്നു. ദേവാലയത്തിൽ ആരാധനയ്ക്കായി കടന്നുചെല്ലുമ്പോൾ ദൈവത്തിന്റെ മഹത്വത്തിനും വിശുദ്ധിക്കും ചേരുന്ന വസ്ത്രം ധരിച്ചേ മതിയാകൂ. എന്നാൽ ഇന്ന് നാം ദേവാലയത്തെ ഫാഷൻ പരേഡിന്റെ വേദിയാക്കി മാറ്റിയിരിക്കുന്നു. പുതിയ പുതിയ ഫാഷനിലുള്ള വസ്ത്രങ്ങൾ പ്രദർശിപ്പിക്കുവാൻ ലഭിക്കുന്ന അവസരമായി ദേവാലയത്തെയും ആരാധനയെയും നാം കണ്ടുതുടങ്ങിയിരിക്കുന്നു. പത്തും പന്ത്രണ്ടും പോക്കറ്റുകളും തൊങ്ങലുകളുമുള്ള മുറിക്കാലൻ പാന്റ്സ് ധരിച്ച് വസ്ത്രധാരണത്തെ എത്രമാത്രം വികലമാക്കാമോ അത്രമാത്രം വികലമാക്കി വേഷം ധരിക്കുന്ന ആൺകുട്ടികളും യുവാക്കന്മാരും ഇറുകിപ്പിടിച്ചു കിടക്കുന്നതും നഗ്നത പൂർണ്ണമായി മറയ്ക്കാൻ കഴിയാത്തതുമായ വേഷം ധരിച്ചു വരുന്ന പെൺകുട്ടികളും യുവതികളും നമ്മുടെ ആരാധനയെ അലങ്കോലമാക്കുന്നുവെന്ന സത്യം പലരും തിരിച്ചറിയുന്നില്ല. ഈ വേഷപ്പകർച്ചയുടെ ലക്ഷ്യം അന്യരുടെ ശ്രദ്ധ തന്നിലേക്കു തിരിയണമെന്നുള്ളതാണ്. ദൈവത്തിൽ നിന്നും ആരാധനയിൽ നിന്നും അന്യരുടെയും നമ്മുടെയും ശ്രദ്ധ തിരിച്ചുവിടാതിരിക്കുവാൻ നാം ശ്രദ്ധിച്ചേ മതിയാകൂ. ഇപ്രകാരമുള്ള വേഷവിധാനങ്ങൾ ദേവാലയവിശുദ്ധിക്കു ചേരുന്നതല്ല. ഈ അടുത്ത കാലത്ത് നമ്മുടെ ഒരു ദേവാലയത്തിലെ പെരുന്നാളിൽ സംബന്ധിച്ചപ്പോൾ കണ്ട കാഴ്ച വേദനാജനകമായിരുന്നു. അന്ന് വി. കുർബ്ബാന അർപ്പിച്ചത് നമ്മുടെ ഒരു അഭിവന്ദ്യ തിരുമേനി ആയിരുന്നു. അഭിവന്ദ്യ തിരുമേനി വി. കുർബ്ബാന കൊടുത്തപ്പോൾ വെള്ളവസ്ത്രധാരികളായി ആളുകൾ വരിവരിയായി വരുന്നതു കണ്ടപ്പോൾ സന്തോഷം തോന്നി. എന്നാൽ തിരുമേനിയുടെ മുൻപിൽ വി. കുർബ്ബാന അനുഭവിക്കുവാനായി വന്ന ഒരു സ്ത്രീയുടെ വേഷം എന്നെ അത്ഭുതപ്പെടുത്തി. ഏതാണ്ട് മുപ്പത് മുപ്പത്തിയഞ്ച് വയസ്സ് പ്രായം തോന്നിക്കുന്ന ഒരു വനിത. ആ സ്ത്രീ ധരിച്ചിരുന്നത് വെള്ള വസ്ത്രമായിരുന്നുവെങ്കിലും അവരുടെ ആകാരവടിവ് അതു പോലെ പ്രകടമാകുന്നവിധം ഇറുകിച്ചേർന്നു കിടക്കുന്നതും, അത്യധികം നേർമ്മയേറിയതുമാകയാൽ അടിവസ്ത്രങ്ങളിൽ ഒതുങ്ങാത്ത ശരീരഭാഗങ്ങൾ കാണാൻ കഴിയുന്നതുമായിരുന്നു. ഈ വേഷത്തോടുകൂടി ഒരു തിരുമേനിയുടെ മുൻപിൽ വന്ന് കുർബ്ബാന സ്വീകരിക്കുവാൻ ഈ സ്ത്രീക്ക് എങ്ങനെ ധൈര്യമുണ്ടായി എന്ന ചിന്ത എന്നിൽ ദുഃഖമുളവാക്കി. കാലത്തിന്റെ കുത്തൊഴുക്കിൽ ഒലിച്ചുപോകുന്ന സദ്ഭാവങ്ങളുടെ ഒരുദാഹരണം മാത്രമാണിത്. പരിശുദ്ധനായ പൗലോസ് ശ്ലീഹാ പറഞ്ഞ മാന്യതയും ലജ്ജാശീലവും സുബോധവും നഷ്ടപ്പെട്ട സ്ത്രീകളുടെ സംഖ്യ ദേവാലയത്തിലും വർദ്ധിച്ചുവരുന്നു. ഈവിധ ആഡംബര വേഷങ്ങളുടെ കടന്നുകയറ്റം നമ്മുടെ വിവാഹ കൂദാശകളിൽ അത്യധികമായിരിക്കുന്നു. പ്രത്യേകിച്ചും മണവാട്ടിയുടെ പാരമ്പര്യവേഷവിധാനങ്ങൾ മാറിത്തുടങ്ങിയിരിക്കുന്നു. വിദേശ വനിതകൾ വിവാഹാവസരത്തിൽ ധരിക്കുന്ന, ഇപ്പോൾ ഊർന്ന് താഴെ വീഴുമെന്ന് തോന്നിക്കുന്ന താഴെക്കിടന്ന് ഇഴയുന്ന വേഷം നമ്മുടെ പെൺകുട്ടികൾ ഇഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഒരിക്കൽ ഈവിധ വേഷം ധരിച്ചു വന്ന മണവാട്ടിയെ സാധാരണ വേഷം ധരിച്ചതിനുശേഷം മാത്രമാണ് നമ്മുടെ ഒരു അഭിവന്ദ്യ തിരുമേനി വിവാഹ കൂദാശ നടത്തിയത്. ആ ആർജ്ജവം കാണിക്കുവാൻ നമ്മുടെ അച്ചന്മാർക്കും തിരുമേനിമാർക്കും കഴിയുന്നില്ലായെന്നത് ഒരു പരമാർത്ഥമാണ്. സ്വകാര്യ സംഭാഷണത്തിൽ ആ അഭിവന്ദ്യ തിരുമേനി പറഞ്ഞു എന്നാൽപ്പിന്നെ അതിൽ ഒരെണ്ണം മടക്കി അവളുടെ തലയിൽ വെച്ചാൽ പോരെ, എന്തിനു വേറെ മന്ത്രകോടി? 2000 വർഷങ്ങൾക്കു മുൻപ് ഓശാന പെരുന്നാളിൽ യെറുശലേം ദേവാലയത്തിൽ എത്തിച്ചേർന്ന മശിഹാ തമ്പുരാൻ, ഇന്ന് നമ്മുടെ ദേവാലയങ്ങളിലെ കൂദാശകളിലും പെരുന്നാളുകളിലും സംബന്ധിച്ചാൽ ചമ്മട്ടിയുമേന്തി, 'എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടുന്നു; നിങ്ങളോ അതിനെ ഫാഷൻ പരേഡിന്റെ വേദിയാക്കിയിരിക്കുന്നുവെന്നു പറഞ്ഞ് അനേകായിരങ്ങളെ അടിച്ചു പുറത്താക്കുമെന്നതിൽ സംശയിക്കേണ്ട.

ഒരു കാര്യം പറഞ്ഞ് ഈ വസ്ത്രം വിചാരം അവസാനിപ്പിക്കുന്നു. വി. മദ്ബഹായിൽ ശുശ്രൂഷിക്കുന്ന പട്ടക്കാരും മേൽപ്പട്ടക്കാരും വിലകൂടിയ വസ്ത്രങ്ങളും ആഭരണങ്ങളും ധരിക്കുന്നത് വിമർശന ബുദ്ധിയോടെ കാണുന്നവർ ചുരുക്കമ

ല്ല. അത് ആഡംബരമായി തെറ്റിദ്ധരിക്കുന്നു. കെരൂബുകളിന്മേൽ അധിവസിക്കുന്ന ദൈവസന്നിധിയിലേക്ക് അടുത്തു ചെല്ലുമ്പോൾ അവന്റെ മഹത്വത്തിനു ചേരുന്ന ആഡംബര വസ്ത്രങ്ങൾ അനിവാര്യമാണ്. ലേവ്യാ പുസ്തകത്തിൽ പുരോഹിത വസ്ത്രത്തെക്കുറിച്ച് യഹോവ തന്നെ പറഞ്ഞിരിക്കുന്നത് ഈ സത്യം വ്യക്തമാക്കുന്നു. അത് ദൈവത്തിനു നൽകുന്ന ബഹുമാനത്തിന്റെയും മഹത്വത്തിന്റെയും പ്രതീകമാണ്.

തികവുള്ള യഹോവയുടെ ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്ന വസ്ത്രവിചാരം നമ്മുടെ ചിന്തകളെ തൊട്ടുണർത്തേണ്ടതാണ്. വസ്ത്രം നമുക്കു തോന്നുംവിധം ധരിക്കാനുള്ളതല്ലായെന്നും അത് വികലമാക്കരുതെന്നും ഈ ഭാഗം നമ്മെ ഉദ്ബോധിപ്പിക്കുന്നു. വസ്ത്രം നഗ്നത മറയ്ക്കാനുള്ളതും, നമുക്ക് ആത്മബോധം ഉളവാക്കുവാൻ ഉതകുന്നതും അന്യർക്ക് നമ്മെ മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും ഉപകരിക്കുന്നതും, നമ്മുടെ മാന്യത പ്രകടിപ്പിക്കുന്നതോടൊപ്പം അന്യരോടു നാം കാട്ടുന്ന ബഹുമാനവും വെളിവാക്കുന്നതുമാണെന്ന് തിരിച്ചറിഞ്ഞ് ഉചിതവും മാന്യവും അവരവർക്ക് യോജിച്ചതുമായ വസ്ത്രം ധരിക്കണമെന്ന ഗൗരവമായ ചിന്ത ഈ ന്യായപ്രമാണം നമുക്ക് പ്രദാനം ചെയ്യുന്നു; ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## മർത്തമറിയം സമാജം വാരാഘോഷം



ചെറിയനാട് : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ മർത്തമറിയം സമാജം വാരാഘോഷം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. മർത്തമറിയം സമാജം കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ ഉദ്ഘാടനം ചെയ്തു. ഇടവക ട്രസ്റ്റി എം.പി. കുഞ്ഞപ്പി, സെക്രട്ടറി വൽസമ്മ മാത്യു, യുവജനപ്രസ്ഥാനം സെക്രട്ടറി സജി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.


## കശ്ശീശാ പട്ടം നൽകി



തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗം കോഴിമല പറത്തോലിൽ ശ്രീ. തോമസ് വർഗീസിന്റെയും ശ്രീമതി അച്ചാമ്മ വർഗീസിന്റെയും മകൻ ഡീക്കൻ തിമോത്തി തോമസിന് (റ്റെനി) അഭിവന്ദ്യരായ സഖറിയാ മാർ അപ്രേം, ഏബ്രഹാം മാർ സെറാഫീം എന്നിവരുടെ സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ സഖറിയാസ് മാർ നിക്കോളവാസ് മെത്രാപ്പോലീത്ത കശ്ശീശാ പട്ടം നൽകി. ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി അദ്ധ്യാപകൻ ഫാ. നൈനാൻ കെ. ജോർജ്ജിന്റെ സഹോദരി പുത്രനാണ് നവാഭിഷിക്തനായ ഫാ. തിമോത്തി തോമസ്.

**പുസ്തകപരിചയം**

## സുകൃതഹാരം




മലങ്കരസഭയുടെ ചരിത്രത്തിലാദ്യമായി കേരളത്തിനുപുറത്ത് വിദ്യാർത്ഥികളുടെ പരിശ്രമഫലമായി രൂപംകൊണ്ട ആദ്യ ദേവാലയമായ കോയമ്പത്തൂർ ഹോളി ഇന്നസെന്റ്സ് ഓർത്തഡോക്സ് ചാപ്പലിന്റെ ചരിത്രം. അത്യന്തം ലളിതവും സംക്ഷിപ്തവുമായി അതേസമയം സമഗ്രമായി ചാപ്പലിന്റെ ചരിത്രം ഇതിലവതരിപ്പിക്കുന്നു. വിസ്മയരിതമായ അനുവങ്ങൾ അതിഭാവുകത്വമില്ലാതെ വർണ്ണിച്ചിരിക്കുന്നു. അവതരണം ഹൃദയസ്പർശിയും ആത്മനിഷ്ഠവുമാണ്. ആരാധനാലയത്തിനായി പരിശ്രമിച്ച പഠിതാക്കളുടെ അനുഭവകുറിപ്പുകളും ഉൾക്കൊളളിച്ചിരിക്കുന്നു എഡിറ്റർ ജിഷതോമസ് കോട്ടയംഎം.ജി.സർവ്വകലാശാലയിൽഗവേഷണ വിദ്യാർത്ഥിനിയാണ്. കോട്ടയം എം.ജി. സർവ്വകലാശാലയിൽ (കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട) നിന്നും മലയാളസാഹിത്യത്തിൽ ബിരുദാനന്തരബിരുദം, മധുര കാമരാജ് സർവ്വകലാശാലയിൽ നിന്നും എം.ഫിൽ, എന്നിവ കരസ്ഥമാക്കി ഇപ്പോൾ എം.ജി സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിനി. ഭർത്താവ് റവ. ഫാ. തമ്പി വർഗ്ഗീസ്, മകൾ ഹന്ന എൽസ വർഗ്ഗീസ്.

പഠനം

# എബ്രായ ലേഖനം

(തുടർച്ച)

ഫാദർ മാത്യു വറുഗീസ്, പുളിമൂട്ടിൽ

പത്താം അദ്ധ്യായത്തിൽ പഴയനിയമ യാഗങ്ങളുടെ അപൂർണ്ണത ചൂണ്ടിക്കാണിക്കുന്നു. ആദ്ധ്യാത്മിക യാഥാർത്ഥ്യങ്ങളിൽ നേരിട്ടു സംബന്ധിക്കുന്നതിനോ, മനുഷ്യനെ സൽഗുണ പൂർത്തിയിലേക്കു നയിക്കുന്നതിനോ പഴയനിയമ യാഗങ്ങൾക്ക് സാദ്ധ്യമല്ല. ആയതിനാൽ പഴയനിയമ യാഗങ്ങൾ വീണ്ടും ആവർത്തിക്കുന്നു. ആണ്ടുതോറും ആവർത്തിക്കപ്പെടുന്ന പാപപരിഹാര യാഗം ജനത്തെ അവരുടെ പാപങ്ങളെക്കുറിച്ച് വർഷംതോറും ഓർമ്മിപ്പിക്കുന്നു. ലേവ്യ പുരോഹിതൻ നിന്നുകൊണ്ടാണ് ബലി അർപ്പിക്കുന്നത്. എന്നാൽ ക്രിസ്തു എന്നന്നേക്കുമുള്ള ഏക ബലി അനുഷ്ഠിച്ചശേഷം പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. പിതാവിന്റെ ഇഷ്ടം കാൽവറിയിലെ ബലിയർപ്പണത്തിൽ സംഭവിച്ചു. ഹനനയാഗം, വഴിപാട്, സർവ്വാംഗഹോമയാഗം, പാപയാഗം എന്നിവ ക്രിസ്തുവിൽ നിറവേറി.

സ്വർഗ്ഗത്തിൽ ദൈവഭവനത്തിൽ മഹാപുരോഹിതനായി വാഴുന്ന യേശു, നമ്മെ ശുദ്ധീകരിക്കുകയും ദൈവസന്നിധിയിലേക്കുള്ള ജീവന്റെ വഴിയായി തീരുകയും ചെയ്തു. ആയതിനാൽ നാം ദൈവസന്നിധിയെ സമീപിക്കയും, വിശ്വാസത്തെ മുറുകെ പിടിച്ചുകൊണ്ട് മറ്റുള്ളവർക്കുവേണ്ടിയുള്ള ചിന്ത തമ്മിൽ ഉണ്ടാവുകയും ചെയ്തുകൊണ്ട് ജീവിക്കണം. സഭാ യോഗങ്ങളിൽ മാറി നിൽക്കാതെ ഒരുമിച്ച് ആരാധിക്കണം. നല്ല കാര്യങ്ങളെപ്പറ്റി തമ്മിൽ പ്രബോധിപ്പിക്കണം. തടവിലായിരുന്നവരോട് സഹതപിക്കുകയും, അവരെ സഹായിക്കുകയും ചെയ്ത യഹൂദ ക്രിസ്ത്യാനികളെപ്പോലെ നാമും പരസ്പരം ധൈര്യപ്പെടുത്തണം. ഭൗമിക സമ്പത്ത് സ്വർഗ്ഗത്തിൽ ഉണ്ടെന്നുള്ള പ്രത്യാശ നമുക്കുവേണം. ദൈവത്തെ സ്നേഹിക്കുന്നവൻ സ്വന്ത സഹോദരനെയും സ്നേഹിക്കണം. പാപപരിഹാരത്തിനു ക്രിസ്തുവിന്റെ യാഗമേ ഉള്ളൂ എന്നു മനസ്സിലാക്കിയശേഷം ലേവ്യായാഗങ്ങളെ ആശ്രയിക്കുന്നതാണ് മനഃപൂർവ്വമായ പാപം എന്ന് ലേഖനകർത്താവ് ഓർമ്മിപ്പിക്കുന്നു. ആയതിനാൽ ദൈവപുത്രനെ നിന്ദിച്ചു തള്ളിക്കളയുന്നതും, നമ്മുടെ രക്ഷകന്റെ രക്തത്തോടുള്ള അവഗണനയുമാണ് വിശ്വാസത്യാഗമെന്ന് പറയുന്നത്. പഴയനിയമ യാഗങ്ങളെ അവസാനിപ്പിച്ച് യേശുവിന്റെ രക്തത്താൽ ശുദ്ധീകരണം പ്രാപിച്ച് സ്വർഗ്ഗീയമായ അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുവാൻ വിശ്വാസികൾക്കു സാധ്യമാകണം. പരിശുദ്ധാത്മാവിനാൽ പ്രകാശനം ലഭിച്ച് ക്രിസ്തീയ വിശ്വാസം സ്വീകരിച്ചവരിലുണ്ടായ പ്രകാശനങ്ങളും പീഡനങ്ങളും വർത്തമാനകാലത്തിൽ ജീവിക്കുന്ന വിശ്വാസികൾക്ക് ശക്തി നൽകുവാൻ പര്യാപ്തമാണ്.

പതിനൊന്നാം അദ്ധ്യായത്തിൽ വിശ്വാസത്തെ കുറിച്ചുള്ള നിർവ്വചനവും, വിശ്വാസവീരന്മാരായവരെക്കുറിച്ചുള്ള വിശദീകരണവും രേഖപ്പെടുത്തുന്നു. ദൈവം വാഗ്ദാനം ചെയ്തത് ഭാവിയിൽ നിർവ്വഹിക്കുമെന്നുള്ള പ്രത്യാശാനിർഭരമായ ഉറപ്പാണ് വിശ്വാസം. വിശ്വാസം ആശിക്കുന്നതിന്റെ ഉറപ്പാകുമ്പോൾ പ്രത്യാശ പ്രവർത്തനങ്ങളിലേക്കു നയിക്കുന്ന ശക്തിയാണ് വിശ്വാസികൾ ഹൃദയനൈർമ്മല്യമുള്ളവരും, ദൈവത്തെ പ്രസാദിപ്പിക്കുന്നവരും സാഹസിക പ്രവൃത്തി, അനുസരണം, ക്ഷമ, സമർപ്പണം, ഉറപ്പ് എന്നിവ ഉള്ളവരുമാകുന്നു. ഹാബേൽ, ഹാനോക്ക്, അബ്രഹാം, സാറാ, നോഹ, ഗിദയോൻ, ബാരാക്ക്, ശിംശോൻ, യിപ്താഹ്, ദാവീദ്, ശമുവേൽ തുടങ്ങിയ വിശ്വാസ വീരന്മാരെക്കുറിച്ച് ലേഖനത്തിൽ പ്രതിപാദിക്കുന്നു. ഇവരുടെ വിശ്വാസം ഇവരെ നീതിമാന്മാരാക്കി.

രാജാവിന്റെ കല്പനയെ ഭയപ്പെടാതെ മോശക്കുഞ്ഞിനെ മൂന്നുമാസം ഒളിപ്പിച്ചുവെയ്ക്കുവാൻ മാതാപിതാക്കൾ കാണിച്ച ദൈവിക വിശ്വാസം, പാപത്തിന്റെ തൽക്കാല ഭോഗങ്ങളെക്കാൾ ദൈവജനത്തോടുകൂടി കഷ്ടത അനുഭവിക്കുന്നത് തെരഞ്ഞെടുത്തതിലുള്ള വിശ്വാസം മിസ്രയീമിലെ നിക്ഷേപങ്ങളെക്കാളും ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു തെളിയിച്ചുകൊണ്ടുള്ള വിശ്വാസം, അദൃശ്യനായ ദൈവത്തെ കണ്ടതുപോലെ ഉറച്ചുനിന്ന് രാജാവിന്റെ കോപം വകവയ്ക്കാതെ മിസ്രയീം വിട്ടതിൽ കാണിച്ച വിശ്വാസം, യിസ്രായേൽ മക്കളെ സംഹാരകൻ തൊടാതിരിക്കാൻ കട്ടിളകളിന്മേൽ രക്തം പുരട്ടുകയും പെസഹാ ആചരണം നടപ്പാക്കുകയും ചെയ്തതിൽ കാണിച്ച വിശ്വാസം എന്നിവ മോശയുടെ ജീവിതത്തിൽ നിന്നും നമുക്ക് പഠിക്കാവുന്നതാണ്. ഈ ലേഖനത്തിൽ പ്രതിപാദിക്കുന്ന വിശ്വാസവീരന്മാർ എല്ലാവരും കഷ്ടത സഹിച്ച് ദൈവത്തിൽ നിന്നും അംഗീകാരം നേടിയെങ്കിലും വാഗ്ദാനം പ്രാപിച്ചില്ല. വിശ്വാസത്തിന്റെ പൂർത്തീകരണം ക്രിസ്തുവിലാണ്. ലോകാരംഭം മുതൽ സകല വിശ്വാസവീരന്മാരും രക്ഷയിലേക്കു വരുന്നത് ക്രിസ്തുവിനോടും അവിടുത്തെ സഭയോടുമുള്ള അടുപ്പത്തിലാണ്.

(തുടരും)

# ഈ പച്ചിപ്പ് അഗ്നിയിലേക്ക്

**അനാമിക**



ഇന്ന് ആർക്കും സമയമില്ല. പണ്ട് എല്ലുമുറിയെ പണി ചെയ്ത് മക്കളെ വളർത്തിയ കാലത്ത്, വീട്ടിലെ അല്ലലറിഞ്ഞു വളർന്നവർ നേരായ മാർഗ്ഗങ്ങളിലൂടെ സഞ്ചരിച്ചിരുന്നേൽ ഇന്നു സ്ഥിതി മാറി.

ദൈവത്തിന്റെ സ്വന്തം നാടായ കൊച്ചു കേരളം, ഭാരത ഭൂമിയുടെ തിരുനെറ്റിയിലെ മനോഹര മായ സിന്ദൂരക്കുറിയായ കേരളം. എത്രയോ പുണ്യാത്മാക്കൾക്ക് ജന്മം നൽകിയ സുന്ദരിയും മനോഹരിയു മായ കൊച്ചു കേരളം. സംസ്ക്കാര സമ്പന്നരും ആദർശധീരരുമായ ജനങ്ങ ളുടെ നാട്. ദിവസങ്ങൾ മാസങ്ങൾക്കും വർഷ ങ്ങൾക്കും വഴിമാറി മുമ്പോട്ടു ഗമിക്കവേ എവി ടെയോ ഒരു പാകപ്പിഴവായി നമ്മുടെ സംസ്ക്കാരത്തെ തകിടം മറിയ്ക്കുന്ന അനേക സംഭവങ്ങളുടെ വേദിയായി മാറി. ഒരു മനു ഷ്യാത്മാവും ഇല്ലാതെ ഇന്ത്യയുടെ മാത്രമല്ല ലോകത്തിന്റെ തന്നെ മന സ്സാക്ഷിയെ കുത്തിനോവിച്ചുകൊണ്ട് നടമാ ടാൻ തുടങ്ങി. എവിടെയൊക്കെയോ ആരു ടെയൊക്കെയോ മനസാക്ഷിക്ക് ക്ഷതമേറ്റു. ആരുടെയൊക്കെയോ കണ്ണുനീർ പൊട്ടിയൊ ഴുകി, ഗദ്ഗദങ്ങൾ മാറ്റൊലിക്കൊണ്ടു. എന്താണു കാരണം, ആരാണിതിനു ഉത്തര വാദികൾ? ഉത്തരം വ്യക്തമാണ്, നമ്മൾ തന്നെ ഒക്കെയ്ക്കും കാരണക്കാർ.

പവിത്രമായ് കാത്തുസൂക്ഷിക്കേണ്ട ബന്ധങ്ങൾക്ക് വില കൽപ്പിയ്ക്കാതെ അച്ഛ നെന്നോ മകളെന്നോയുള്ള പരിഗണന പൊട്ടിച്ചെറിയപ്പെട്ടു; കുത്തഴിഞ്ഞ പുസ്തക ത്താളുകൾപോലെ ശിഥിലമായി. മനുഷ്യന് ജീവിത സുഖങ്ങൾ കൂടി സ്വാതന്ത്ര്യം അമി തമായി നിയന്ത്രണ രേഖകൾ തകർക്കപ്പെ ട്ടു. ചുരുക്കത്തിൽ ദൈവത്തിന്റെ സ്വന്തം നാട്ടിൽ ചെകുത്താൻ കൊടികുത്തി അഥവാ നാം തന്നെ അവനെ ഇവിടേക്ക് ക്ഷണി ച്ചുവരുത്തി. സകല ചരാചരങ്ങളെയും പ്രപ ഞ്ചത്തെയും സൃഷ്ടിച്ചവനെ പരീക്ഷിച്ച സാത്താനെ കൃമിയും അല്പായുസ്സുകാരു മായ നാം ഓരോരുത്തരുടെയും പ്രവർത്തി കൾമൂലം സാത്താൻ ഇവിടെ കുടിയേറി എന്നു പറഞ്ഞാൽ എല്ലാമായി. കള്ളക്കടത്തും കരിംചന്തയും രാഷ്ട്രീയ പോർവിളികളും കൊണ്ട് നാട് കലുഷ ിതമായി. കച്ചവട മനസ്സുള്ള ഒരു കൂട്ടർ, കയ്യൂ ക്കിൽ എല്ലാം സാധിക്കുമെന്നു ചിന്തി യ്ക്കുന്ന മറ്റൊരു കൂട്ടർ, മനുഷ്യന്റെ സമാ ധാന ജീവിതത്തിൽ വിഷം കലർത്താനായി പാഞ്ഞു നടന്നുതുടങ്ങി. അസൂയയുടെ അഹ ന്തതയുടെ നിറവിൽ തകർത്തെറിയപ്പെട്ടത് എത്രയെത്ര നിരപരാധികളുടെ ജീവിതവും ജീവനുമാണ്. വിടരുംമുമ്പേ പൊട്ടിച്ചെറിയ പ്പെട്ട എത്ര കുരുന്നു ജീവിതങ്ങൾ. ബന്ധ ങ്ങളുടെ മൂല്യം, പവിത്രത അറിയാതെ മദ്യ ത്തിനും ലഹരിക്കും അടിമപ്പെട്ട് സ്വന്തം പെൺമക്കളുടെ മാനം കവർന്ന എത്ര കശ്മ ലന്മാർ! മക്കൾക്കു കാവലും സുരക്ഷയും ഉറ

പ്പാക്കേണ്ട കരങ്ങളാൽ മക്കൾ കശക്കിയെറിയപ്പെടുന്നത് നിത്യസംഭവമായി മാറി. ഇന്ന് പകർച്ചപ്പനി പോലെ ഈ രോഗം പലരിലും ആയില്ലേ!

കുടുംബഭാരങ്ങൾ ചുമലിലേറ്റി തൊഴിലുകൾക്കായ് പുറലോകത്തിൽ എത്തപ്പെട്ട നിരപരാധികൾ പോലും ഈ വേട്ടപ്പട്ടികളുടെ കരാളദംഷ്ട്രങ്ങളാൽ കൊല്ലപ്പെടുന്നതും കൊച്ചു കേരളത്തിന്റെ വിരിമാറിലെ നിത്യസംഭവങ്ങളായി. മറ്റൊരു കാര്യം ആർക്കും ഒന്നിനും സമയമില്ല. മരിച്ചവർ മരിക്കട്ടെ എനിക്ക് എന്റെ സ്വന്തം കാര്യം എന്ന് ചിന്തിക്കുന്നവരും കുറവല്ല. ഇനിയും ഒരു കൂട്ടർ സ്വന്തം പെൺമക്കൾ ഏതുവേഷം കെട്ടിയാലും നല്ലതെന്നു കരുതുന്ന മാതാപിതാക്കളും കുറവല്ല. ശരീര ഭാഗങ്ങളുടെ തുടിപ്പും മുഴുപ്പും പുറത്തു കാട്ടത്തക്കവണ്ണം സ്വന്തം പെൺമക്കൾ അണിഞ്ഞൊരുങ്ങുമ്പോൾ; അങ്ങാടിയിൽ അവരെ കൊത്തിവിഴുങ്ങാനായി കഴുകൻ കണ്ണുമായി കശ്മലപ്പട പതിയിരിപ്പുണ്ട് എന്നു നാം മറന്നു പോകുന്നു. പെൺകുട്ടികളുടെ വസ്ത്രധാരണം കുറേക്കൂടി ബുദ്ധിപൂർവ്വവും ശ്രദ്ധാപൂർണ്ണവും ആയിരിക്കണം. പഴയകാലത്ത് സ്വന്തം നഗ്നത മറയ്ക്കാൻ സമരം ചെയ്തിരുന്നേൽ; ഇന്ന് ചുരുക്കം ചില പെൺകുട്ടികളും സ്ത്രീകളും അതു പ്രദർശിപ്പാക്കാൻ വ്യഗ്രത കാട്ടുന്നില്ലേ എന്നു തോന്നിപ്പോകയാണ്. പണ്ട് എവിടെയോ വായിച്ച ഒരു വാചകം ഓർത്തുപോകുകയാണ് "ദൈവത്തിന് എല്ലാവരെയും ശ്രദ്ധിയ്ക്കാൻ സമയം ഇല്ലാത്തതാണ് അമ്മമാരെ സൃഷ്ടിച്ചതെന്ന്."

നമ്മുടെ കുട്ടികൾ പുറത്തുപോകുമ്പോൾ, അവർ ആരുമായാണ് കൂടുതൽ സഹകരിക്കുന്നതെന്ന് നാം ശ്രദ്ധിക്കണം. ഇന്ന് ആർക്കും സമയമില്ല. പണ്ട് എല്ലുമുറിയെ പണി ചെയ്ത് മക്കളെ വളർത്തിയ കാലത്ത്, വീട്ടിലെ അല്ലലറിഞ്ഞു വളർന്നവർ നേരായ മാർഗ്ഗങ്ങളിലൂടെ സഞ്ചരിച്ചിരുന്നേൽ ഇന്നു സ്ഥിതി മാറി. ഗൾഫ് എന്ന മായികലോകത്തിലൂടെ നല്ല ശതമാനം ആൾക്കാരും സമ്പന്നരായി വീട്ടിലേക്ക് നിർലോഭം പണം അയച്ചാൽ അത് ശരിയായ ദിശയിലേക്കാണോ ഒഴുകുന്നതെന്ന് അയച്ചവർ പോലും ശ്രദ്ധിക്കുന്നില്ല. ബ്യൂട്ടി പാർലറിലും, ഐസ്ക്രീം പാർലറിലും ആണ്, താൻ ചുട്ടുപഴുത്ത മണലാരണ്യത്തിൽ കഷ്ടപ്പെട്ടുണ്ടാക്കുന്ന പണം പോകുന്നതെന്ന് പലർക്കും അജ്ഞാതമാണ്. ഭർത്താക്കന്മാർ വിദേശത്താണേൽ അമ്മമാരുടെ ചുമലിലാകും കുടുംബഭാരം. മക്കളുടെ റോൾ മോഡലും അമ്മമാരാണ്. അതിനാൽ നമ്മുടെ മക്കളുടെ കാര്യത്തിലേലും നന്നേ ശ്രദ്ധ പതിപ്പിക്കണം. ചെറുപ്പം മുതലെ നല്ല കാര്യങ്ങൾ പറഞ്ഞുകൊടുത്ത് നല്ല പാതയിലേക്കു നയിക്കണം. സ്വഭാവ രൂപീകരണത്തോടൊപ്പം പെരുമാറ്റ ചട്ടങ്ങളും വസ്ത്രധാരണരീതികളിലും അവരെ ബോധമുള്ളവരാക്കി വളർത്തണം.

ദൈവത്തിന്റെ കരുതലും ശ്രദ്ധയും ഒരുപാടുകിട്ടിയ ഈ മനോഹര ഭൂമിയെ നരകമാക്കാൻ ചിലരെങ്കിലും ശ്രമിക്കുന്നുവെന്ന് ഓർത്താൽ ദുഃഖം ഉണ്ട്. ദൈവത്തിന്റെ കരവിരുത് ഏറ്റവും തെളിഞ്ഞു കാണുന്ന ഈ മനോഹര ഭൂമിയെ നാശത്തിനു വിട്ടുകൊടുക്കരുത്. മനുഷ്യന്റെ ദുഷ്ടത കൂടിക്കൂടി ലോകം നാശത്തിലേക്ക് പതിയുകയല്ലേ? കേരളത്തിന്റെ പച്ചിപ്പിനെ ദൈവത്തിന്റെ കോപാഗ്നിയിൽ എരിഞ്ഞമരാതിരിക്കാൻ നാം പ്രാർത്ഥിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യണം. ❍

## അർദ്ധദിന സമ്മേളനം

കൂർത്തമല : സെന്റ് മേരീസ് പള്ളിയുടെ സെന്റ് ജോൺസ് ചാപ്പലിൽ വെച്ച് പുത്തൻകാവ് ഡിസ്ട്രിക്റ്റ് മർത്തമറിയം വനിതാസമാജത്തിന്റെ അർദ്ധദിന സമ്മേളനവും കേന്ദ്രപരീക്ഷയ്ക്കുള്ള ക്ലാസ്സും നടത്തപ്പെട്ടു. വികാരി ഫാ. മാമ്മൻ തോമസ് അദ്ധ്യക്ഷത വഹിച്ചു. സമാജം വൈസ് പ്രസിഡന്റ് ഫാ. ഫിലിപ്പ് ജേക്കബ് ക്ലാസ് നയിച്ചു. ഫാ. ജോൺപോൾ, സഹവികാരി ഫാ. മത്തായി സക്കറിയ, രാജൻ കെ. മാത്യു, വത്സമ്മ ചാൾസ്, സിനി റോയി, ലിസി വർഗീസ്, സോഫിയ രാജൻ, ആനി ജോൺസൺ എന്നിവർ പ്രസംഗിച്ചു.

## ബഥേൽ പത്രിക വരിസംഖ്യ സമാഹരണം

| | |
|---|---|
| **ഓഗസ്റ്റ് 2013** | |
| മാരാമൺ സെന്റ് മേരീസ് | 04-08-2013 |
| ബുധനൂർ സെന്റ് ഏലിയാസ് | 11-08-2013 |
| കൊഴുവല്ലൂർ സെന്റ് ജോർജ്ജ് | 18-08-2013 |
| തോട്ടപ്പുഴ സെന്റ് ഗ്രീഗോറിയോസ് | 25-08-2013 |
| **സെപ്റ്റംബർ 2013** | |
| കുരമ്പാല സെന്റ് തോമസ് | 01-09-2013 |
| അറത്തിൽ സെന്റ് ജോർജ് | 15-09-2013 |
| അറത്തിൽ സെന്റ് ജോർജ് | 22-09-2013 |
| ആറ്റുവ മാർ ബർസൗമ | 29-09-2013 |

ഫാ. തോമസ് വർഗീസ് കടവിൽ
(സർക്കുലേഷൻ മാനേജർ)

# ഭാഷ നഷ്ടപ്പെടുത്തുന്ന വിമർശനങ്ങൾ

**ഫാ. പി.കെ. കോശി**

തത്വചിന്തകനായിരുന്ന ഗുർജീഫ് തന്റെ മുത്തച്ഛൻ മരണാസന്നമായ സമയം അരികിൽ ഇരുത്തി ഉപദേശം നൽകി. "ഇനി എനിക്ക് അധികസമയമില്ല. നിനക്കു തരാനായി എന്റെ കയ്യിൽ പണമില്ല. എനിക്കച്ഛൻ തന്ന ഒരുപദേശമുണ്ട്. എനിക്കാ ഉപദേശം ഗുണം ചെയ്തിട്ടുണ്ട്. നിനക്കും എന്നെങ്കിലും അതുപകരിക്കും. നിനക്ക് നല്ല കാര്യം ചെയ്യാൻ തോന്നിയാൽ ഉടൻ തന്നെ അതു ചെയ്യണം. ചീത്ത കാര്യങ്ങൾ തോന്നിയാൽ നാളെയത് ചെയ്യാമെന്നു തീരുമാനിക്കണം. എനിക്കിത് വിജയകരമായിരുന്നു." പിൽക്കാലത്ത് തത്വചിന്തകനായി ഉയർന്നപ്പോൾ മുത്തച്ഛന്റെ ഉപദേശം ഗുർജീഫിന് പ്രയോജനകരമായി മാറി. തന്നെ ആരെങ്കിലും നിന്ദിക്കുമ്പോൾ ഞാൻ നാളെ മറുപടി തരാമെന്നു പറയുമായിരുന്നു. ഉത്തരം അർഹിക്കാത്ത നിന്ദകളോട് മൗനം പാലിക്കുക. അജ്ഞാനികളുടെ നിന്ദയ്ക്ക് പുഞ്ചിരി മറുപടിയായി നൽകുക. വക വയ്ക്കാതെ തള്ളേണ്ട അനേകം കാര്യങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്. നിശിതമായ വിമർശനം ക്രൂരമായ പെരുമാറ്റം തുടങ്ങിയവ ചവറ്റുകുട്ടയിൽ തള്ളേണ്ടവയാണ്.

വിമർശനം ആവശ്യമാണ്. ജീവിതത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്താനായി വിമർശനവും വിമർശിക്കപ്പെടലും ആവശ്യമാണ്. വിമർശനം വിവിധ തരത്തിലുണ്ട്.

**1. വിനാശകരമായ വിമർശനം (Destructive Criticism)**

നാശഹേതുവായ, നാശത്തിനു കാരണമാകുന്ന തരത്തിലുള്ള വിമർശനങ്ങളുണ്ട്. ഇന്ന് സമൂഹത്തിൽ ധാരാളമായി കാണുന്നത് നാശകരമായ വിമർശനങ്ങളാണ്. മറ്റുള്ളവരുടെ കുറ്റം പറയാനും പൊടിപ്പും



തൊങ്ങലും വച്ച് പറഞ്ഞുപരത്താനുള്ള വ്യഗ്രത മനുഷ്യന്റെ കൂടെപ്പിറപ്പായി മാറിയിരിക്കുന്നു. ഏതു പാർട്ടി ഭരിച്ചാലെന്താണ് അവരവരുടെ കീശവീർപ്പിക്കണമെന്ന ചിന്തയല്ലാതെ നാടിന്റെ നന്മയ്ക്കായി നിലനിൽക്കാനോ സത്യത്തിനും നീതിക്കുമായി നിലകൊള്ളാനോ താല്പര്യമില്ലാത്ത അവസ്ഥ. ഇന്നത്തെ മാധ്യമങ്ങൾ ശ്രദ്ധിച്ചാൽ അന്യോന്യം ഉള്ള പഴിചാരലും വിമർശനങ്ങളും മാത്രം. സോളാർ തട്ടിപ്പായാലും, ലാവലീനായാലും, മാഫിയാകളായാലും, കൂറുമാറ്റങ്ങളായാലും, കേസന്വേഷണത്തിനാവശ്യമായ തെളിവുകൾ നഷ്ടപ്പെടുത്തുന്നതായാലും, കോടികളുടെ വഞ്ചനയും ചൂതാട്ടങ്ങളും ഒത്തുകളികളും എല്ലാ മേഖലകളിലും വ്യാപരിച്ചിരിക്കുന്നു. രാഷ്ട്രീയ രംഗത്തു നടക്കുന്ന അഴിമതികളും വെട്ടിപ്പുകളും തട്ടിപ്പുകളും കണ്ടതും കേട്ടതും അന്യോന്യം പറയുകയും പഴിവയ്ക്കുകയും ചെയ്യുന്ന അവസ്ഥ. നിയന്ത്രണമില്ലാത്ത അവസ്ഥയിലേക്ക് രാഷ്ട്രീയക്കാരുടെ മാറ്റം സമൂഹത്തിന് വിപത്തായി മാറിയിരിക്കുന്നു. എന്ത് തെറ്റ് ചെയ്തിട്ടും വാർത്താസമ്മേളനങ്ങൾ നടത്തി അതുമിതും പറയുന്ന അവസ്ഥ സംജാതമായിരിക്കുന്നു. എതിരാളികളുടെ നേർക്ക് ചെളിവാരിയെറിയാനും വിമർശനങ്ങൾ തൊടുത്തുവിടാനും കിട്ടുന്ന അവസരങ്ങൾ ഒന്നും പാഴാക്കാത്ത സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു.

യേശുവിന്റെ പ്രവർത്തനങ്ങളെ വിമർശിക്കുന്ന വലിയൊരു സമൂഹത്തെ ദർശിക്കാൻ കഴിയും. “യേശു ഭൂതങ്ങളെ പുറത്താക്കുന്നത് ഭൂതങ്ങളുടെ തലവനായ ബേർശബൂലിനെ കൊണ്ട്'' എന്ന് വിമർശിയ്ക്കുന്ന സ്വന്തം ആളുകൾ (mlt: 12:24). യേശുവിനെ നശിപ്പിക്കുക, ഇല്ലാതാക്കുക എന്ന ചിന്തയോടെ തന്നെ പിൻപറ്റുന്ന യഹൂദ സമൂഹം. “ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം” എന്നു പറയുംപോലെ നന്മ കണ്ടിട്ടും അതിനെ അവഗണിയ്ക്കുന്ന വിമർശനം. ഇത് നാശകരമായ അവസ്ഥയാണ്. നന്മ ചെയ്താലും അതിലെ ന്യൂനത കണ്ടെത്തി വിമർശിയ്ക്കുന്നവർ. അപരനെ ഇല്ലാതാക്കാനും ഒതുക്കുവാനുമുള്ള പ്രവണത. അതിനായി ഉള്ളതും ഇല്ലാത്തതുമായ ആരോപണങ്ങൾ പറഞ്ഞു പരത്തുന്നു. ഇന്ന് എല്ലാ മേഖലയിലും ഇത് വ്യാപകമായിരിക്കുന്നു. പ്രത്യേകിച്ച് കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ പ്രകൃതിക്ഷോഭത്താൽ ജനം ആകുലപ്പെടുകയും ജലപ്രളയത്തിന്റെയും വിവിധ കെടുതികളുടെയും ദുഃസ്ഥിതിയിലകപ്പെട്ടിരിയ്ക്കുന്ന ഇന്ന് ജനത്തെ സംരക്ഷിക്കുവാനും, സ്വന്തം പ്രീതിയ്ക്കും താല്പര്യത്തിനും വിലകല്പിക്കുകയില്ല എന്നും ജനത്തിന്റെ പൂർണ്ണനന്മയ്ക്കായി പ്രവർത്തിയ്ക്കുമെന്നും ദൈവനാമത്തിലോ, ദൃഢപ്രതിജ്ഞയോ ചെയ്ത ഭരണനേതൃത്വം അഴിമതിയുടെയും ആരോപണങ്ങളുടെയും കയത്തിലായിരിക്കുന്ന അവസ്ഥ. ആരോപണങ്ങളും പ്രത്യാരോപണങ്ങളും മുഴക്കി ജനജീവിതം ദുസ്സഹമാക്കപ്പെടുന്നു. പ്രകൃതി തന്നെ പ്രളയത്താലും കെടുതികളാലും മനുഷ്യസൃഷ്ടിയെ നശിപ്പിക്കുമ്പോൾ അഥവാ ജീവിതം ദുസ്സഹമാക്കുമ്പോൾ കൈത്താങ്ങലുകൾ നല്കേണ്ട ജനനേതാക്കൾ തമ്മിൽ കലഹിയ്ക്കുന്നു. സ്വന്തം മണ്ഡലങ്ങളിലെ ജനങ്ങളെ സംരക്ഷിയ്ക്കാതെ തെരുവുയുദ്ധത്തിലേർപ്പെട്ടുന്ന നീചമായ അവസ്ഥ. തള്ളേണ്ടതു തള്ളാനും കൊള്ളേണ്ടത് കൊള്ളാനുമുള്ള വിവേകം ഉണ്ടാകണം. പരസ്പരം ചെളിവാരിയെറിഞ്ഞും ഉള്ളതും ഇല്ലാത്തതുമായ വിഷയങ്ങൾ വലുതാക്കി പരസ്യപ്രസ്താവനകളിലൂടെ മാധ്യമശ്രദ്ധയാകർഷിച്ചും രഹസ്യനീക്കങ്ങളിലൂടെ വിമർശനങ്ങളുടെ ഫലം കണ്ടെത്താൻ ശ്രമിക്കുന്നു.

രാഷ്ട്രീയരംഗത്തു മാത്രമല്ല നാശകരമായ വിമർശനങ്ങൾ നിലനിൽക്കുന്നത്. സാമൂഹിക, സാംസ്ക്കാരിക, സാമുദായിക, ആദ്ധ്യാത്മിക, കായിക രംഗങ്ങളിലെല്ലാം നാശകരമായ വിമർശനം പ്രത്യക്ഷമായും പരോക്ഷമായും നിലനിൽക്കുന്നു. മതസൗഹാർദ്ദത്തെ ഉലയ്ക്കുന്നതും വാശിയും വൈരാഗ്യവും വളർത്തുന്നതുമായ കാര്യങ്ങൾ എണ്ണിപ്പറയുന്ന അവസ്ഥ. സ്വന്തം കണ്ണിൽ കോലിരിയ്ക്കെ അന്യന്റെ കണ്ണിലെ കരടെടുക്കാൻ എങ്ങനെ കഴിയും എന്ന യേശുവിന്റെ ചോദ്യം നാശകരമായ വിമർശനങ്ങൾക്കുള്ള യഥാർത്ഥ മറുപടി യത്രെ.

നാശകരമായ വിമർശനത്തെപ്പറ്റി ‘അലൻ പീറ്റേഴ്സൺ’ എന്ന ചിന്തകൻ രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്. “It injures the blamer more than the blamed. It always hurts. It never helps a relationship, it never units, it never builds, it only divides and tears apart. It always compounds. Remember to confess your faults and no one else's. കുറ്റം ആരെപ്പറ്റി പറയുന്നോ അയാളേക്കാളധികം ക്ഷതമേല്ക്കുന്നത് കുറ്റം പറയുന്ന ആളിനാണ്. കുറ്റം പറയുന്നതുകൊണ്ട് മുറിവു കരിയുകയില്ല, ക്ഷതം ഏല്പിയ്ക്കുന്നു. ബന്ധത്തിന്റെ കെട്ടുറപ്പിനെ സഹായിക്കാതെ ബന്ധങ്ങൾ അറ്റുപോകാൻ കാരണമാകുന്നു. അത് മനുഷ്യബന്ധം യോജിപ്പില്ലാതെ വിച്ഛേദിക്കുകയും വലിച്ചുകീറുകയും ചെയ്യുന്നു. പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്നു.

**2. സൃഷ്ടിപരമായ വിമർശനങ്ങൾ (Constructive Criticism)**

വിമർശനങ്ങൾ സൃഷ്ടിപരമായവ ആയിരിക്കണം. ഒരു കാര്യത്തെക്കുറിച്ച് അപഗ്രഥിക്കുക നിരൂപണങ്ങൾ ഉണ്ടാക്കുകയും ചെയ്യണം. കലാസാഹിത്യ രംഗങ്ങളിൽ നിരൂപകന്മാർ ധാരാളമുണ്ട്. അവർ കാര്യങ്ങളെ അപഗ്രഥിച്ച് വിമർശിക്കുകയാണ് ചെയ്യുന്നത്. യേശുക്രിസ്തു പലപ്പോഴും വിമർശിച്ചതും വിമർശിക്കുന്നതും മാറ്റം വരുത്തിയ്ക്കാനാണ്. യരുശലേം ദേവാലയത്തിൽ കടന്ന് ചാട്ടവാറെടുത്ത് ദേവാലയത്തെ ശുദ്ധീകരിച്ചത് സൃഷ്ടിപരമായ വിമർശനത്തിനുദാഹരണമാണ്. തിന്മകൾ കാണുമ്പോൾ അതിനോട് ശരിയായി പ്രതികരിയ്ക്കുന്നതാണ് യഥാർത്ഥത്തിൽ ശരിയായ വിമർശനം.

ശ്രീബുദ്ധൻ ജനസമൂഹത്തോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ കോപിച്ച് മുഖത്ത് തുപ്പി. ബുദ്ധന്റെ ശിഷ്യർ അയാളെ ആക്രമിയ്ക്കാൻ മുതിർന്നപ്പോൾ അവരെ വിലക്കിയിട്ടു പറഞ്ഞു "അയാൾക്ക് എന്തോ പറയാനുണ്ടായിരുന്നു, പക്ഷെ അയാൾക്ക് ഭാഷ നഷ്ടപ്പെട്ടു." ശ്രീബുദ്ധന്റെ അഭിപ്രായത്തിൽ ഭാഷ നഷ്ടപ്പെട്ടപ്പോഴാണ് പ്രാകൃത പ്രവർത്തികൾ ചെയ്യുന്നത് എന്നാണ്. എല്ലാ വ്യക്തിഹത്യകൾക്കു പിന്നിലും ഒരു ഭാഷ നഷ്ടപ്പെടൽ ഉണ്ട്. മറ്റുള്ളവരെ വിധിക്കുമ്പോൾ ഈ ഭാഷ നഷ്ടപ്പെടുന്ന അനുഭവം. ഇതുതന്നെയാണ് ബാബേൽ കോട്ട പണിയുമ്പോഴും കാണുന്നത്. ദൈവം ജനത്തിന്റെ ഭാഷനഷ്ടപ്പെടുത്തിയപ്പോൾ കോട്ട പണി നിന്നുപോയി. നന്മയുടെ പ്രവൃത്തി തിന്മയുടെ അധീശത്വത്താൽ നഷ്ടപ്പെടുന്ന ഇന്നത്തെ അവസ്ഥ. ഛിദ്രിക്കുന്ന ഭവനം നശിയ്ക്കും. നിലനിൽക്കാത്ത അവസ്ഥ ഛിദ്രത നിലനിൽപ്പ് അപകടകരമാകുകയും അസാദ്ധ്യമാകുകയും ചെയ്യുന്നു. താഴെ വീണാൽ ഉടഞ്ഞുപോകുന്ന സ്ഫടികപാത്രം പോലെയാണ് മനുഷ്യജീവിതം. എന്നാൽ താഴെവീണാൽ റബ്ബർ പന്തുപോലെ ഉയരത്തക്കവണ്ണമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. നമ്മുടെ മുമ്പിലുള്ള പ്രതിബന്ധങ്ങളെയും വിമർശനങ്ങളെയും തടസ്സങ്ങളെയും പിന്നിലേക്ക് വലിച്ച് തള്ളാനും മുന്നോട്ട് കുതിയ്ക്കാനും കഴിയണം. ഊർജ്ജം നഷ്ടപ്പെട്ട ബാറ്ററികൾക്കു സമമായി നാം ആയിരിയ്ക്കുന്നു. നിരോധനരഹിതമായ സമൂഹത്തിനായി നാം നിലനിൽക്കുന്നവരാകണം. യാതൊരു അടുക്കും മുറയും ചട്ടവുമില്ലാത്ത വ്യവസ്ഥിതിയല്ല ആവശ്യം. എന്തിനാണ് നിയമങ്ങളും ചട്ടങ്ങളും എന്ന് ചോദിയ്ക്കുന്നവരുണ്ട്. റോഡ് ഉപയോഗിക്കുന്നവരുടെ സുരക്ഷിതത്വത്തിനുവേണ്ടിയാണല്ലോ ട്രാഫിക് നിയമങ്ങൾ. അപ്രകാരം സാമൂഹിക ജീവിതത്തിന്റെ സുരക്ഷയ്ക്കും ഭദ്രതയ്ക്കുമായി ധർമ്മസംഹിതികൾ ക്രമപ്പെടുത്തിയിരിക്കുന്നു. Prohibitions are for our protection എന്ന് പറയുമ്പോൾ നിരോധനങ്ങളും വിമർശനങ്ങളും നമ്മുടെ സംരക്ഷണത്തിനു വേണ്ടിയാണ്. സൃഷ്ടിപരമായ വിമർശനങ്ങളിലൂടെ നല്ല പ്രോത്സാഹനങ്ങൾ ലഭ്യമാകാൻ ഇടയാകും.

**3. സ്വയ വിമർശനം (Self Criticism)**

യേശുക്രിസ്തു ശിഷ്യന്മാരെ ശാസിയ്ക്കുന്നു. പടകിൽ ആയിരുന്ന ശിഷ്യർ കാറ്റും കോളും വന്നപ്പോൾ കൂടെയുള്ള ദൈവത്തെ മനസ്സിലാക്കാതെ നിലവിളിയ്ക്കുന്നു. കൂടെയുള്ള ദൈവത്തെ കണ്ടെത്തുവാൻ കഴിയാത്ത ശിഷ്യന്മാർക്ക് സ്വയം വിമർശനത്തിലൂടെ ദൈവകൃപ ആർജ്ജിക്കുവാൻ കഴിഞ്ഞു. ആത്മപരിശോധന അഥവാ സ്വയപരിശോധനയിലൂടെ ന്യൂനതകൾ പരിഹരിക്കപ്പെടുവാൻ കഴിയും. ജീവിതത്തിൽ നമുക്കെല്ലാം പലപ്പോഴും പരാജയങ്ങളും തിരിച്ചടികളും ഉണ്ടാകാം. പിന്മാറ്റത്തെ മുന്നേറ്റമായി മാറ്റാൻ കഴിയുന്നത് സ്വയ വിമർശനത്തിലൂടെയാണ്. വി. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിയ്ക്കുന്നു " പിമ്പിലുള്ളതു മറന്ന് മുമ്പിലുള്ളതിനായി ആഞ്ഞുംകൊണ്ട് വിരുത് നേടുവാനായി ലാക്കിലേക്ക് ഓടുന്നു" എന്ന്. പിന്മാറ്റത്തെ മുന്നേറ്റമായി കണ്ടതുകൊണ്ടാണ് അഥവാ സ്വയ വിമർശനം ജീവിതത്തിൽ വന്നതുകൊണ്ടാണ് വി. പൗലോസ് ഇപ്രകാരം പറഞ്ഞത് മുമ്പിൽ വെറും പൂജ്യം എന്നു നാം ചിന്തിക്കുന്ന പല സന്ദർഭങ്ങളുണ്ട്. ശൂന്യതയുടെ പര്യായമാണല്ലോ പൂജ്യം. പക്ഷെ അതിനു മുൻപിൽ 1 എന്ന അക്ഷരം വന്നാൽ അത് പത്തായി മാറുന്നു. അതുപോലെ തന്നെ അവസരം എന്ന വാക്കിന്റെ Opportunity ആദ്യ അക്ഷരമാണ് പൂജ്യം (ഒ) എന്നത്. ശൂന്യതയെ പുതിയ അവസരമാക്കാൻ കഴിയണം. നിഷേധാത്മകമായ ചിന്തകളെ ചവറ്റുകുട്ടയിൽ എറിഞ്ഞു കളയുവാൻ കഴിയുമ്പോൾ ജീവിതത്തിൽ വിജയം ഉണ്ടാകും. സ്വയവിമർശനത്തിലൂടെ നമ്മുടെ നിഷേധ ചിന്തകളെ മാറ്റിയെടുക്കാം.

യേശു കല്പിക്കുന്നു. ഇടർച്ചകൾ വരേണ്ടത് ആവശ്യം. ആരുമൂലം ഇടർച്ച വരുന്നുവോ അവന് കഷ്ടം. വിമർശനങ്ങൾ ആവശ്യം. വിമർശിയ്ക്കപ്പെടുന്നതിലൂടെ തിരുത്തലിനും അതിലൂടെ പുതിയ രൂപീകരണത്തിനും സാധ്യമാകട്ടെ.

❍

6–ാം പേജിൽ നിന്നും

## "നോമ്പു വിവാഹം" ഒരു പുനർവിചിന്തനം

ചെന്നപ്പോൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി. ചിക്കനും മറ്റു വിഭവങ്ങളും ചേർന്നുള്ള ഭക്ഷണ ക്രമീകരണം! നോമ്പു നോൽക്കുന്നവരുടെ രോദനം പലരും അടക്കം പറയുന്നത് കേട്ടു. ഇങ്ങനെ ഭക്ഷണം ക്രമീകരിക്കുവാനുള്ള അനുവാദം നോമ്പിൽ ഇല്ല എന്ന് വീട്ടുകാരനോട് പറഞ്ഞപ്പോൾ ലഭിച്ച മറുപടിയും പ്രയാസപ്പെടുത്തി; "ബാവയുടെ കല്പനയിൽ നോമ്പിന്റെ ഭക്ഷണം മാത്രമേ പാടുള്ളു എന്ന് നിർദ്ദേശിച്ചിട്ടില്ല" എന്നായിരുന്നു ഉത്തരം. പവിത്രമായ നോമ്പ് മുടക്കിയതും പോരാഞ്ഞിട്ട് നോമ്പിന്റെ മര്യാദകളൊക്കെ ലംഘിച്ച് ഭക്ഷണം വിളമ്പുന്ന ഇത്തരത്തിലുള്ള വിവാഹം എന്ത് അനുഗ്രഹമാണ് നൽകുന്നത് എന്ന് ഓർത്ത് നെടുവീർപ്പിട്ട് രോക്ഷം പ്രകടിപ്പിച്ചുകൊണ്ട് പച്ചപ്പറ്റ് കഴിച്ച് തിരികെ പോന്നു. അതേത്തുടർന്നുണ്ടായ അമർഷത്തിന്റെ പുകപടലങ്ങൾ മാറി വരുന്നതേയുള്ളു.

ഇത് വിശ്വാസികളുടെ മനസ്സിൽ നോമ്പിന്റെ സാംഗത്യം എത്രമാത്രം ഉണ്ട് എന്ന് തെളിയിക്കുന്നതാണ്. കർത്താവിന്റെ ശിഷ്യന്മാരായ ശ്ലീഹന്മാരെ ഓർക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ നോമ്പു നോക്കുകയും ചെയ്യുന്ന ശ്ലീഹാനോമ്പിന്റെ സാംഗത്യം (ഇതുപോലെ മറ്റെല്ലാ നോമ്പുകളുടെയും) അത്രമാത്രം പ്രാധാന്യത്തോടെ സഭ വീക്ഷിക്കുന്നുണ്ടോ എന്നുള്ളത് ചോദ്യമാണ്. മതിയായ രേഖകളോടെ സഭാ കേന്ദ്രത്തിൽ പോയി ഫീസ് അടച്ചാൽ നോമ്പിൽ വിവാഹാനുവാദം ലഭിക്കും എന്നുതുതന്നെ പുനർവിചിന്തനം ചെയ്യപ്പെടേണ്ടതല്ലോ? "കാലത്തിനൊത്ത് മാറണം" എന്ന ചിന്തയിലാണ് വീക്ഷിക്കുന്നതെങ്കിൽ സഭ കാത്തുസൂക്ഷിക്കുന്ന മൂല്യങ്ങളുടെ ചരമഗീതം കേൾക്കാൻ വലിയ താമസമുണ്ടാകില്ല. "നോമ്പിൽ വിവാഹം അനുവദിക്കുക" എന്നതു തന്നെ മാറ്റി ചിന്തിക്കുവാൻ നാം ശ്രമിക്കുന്നതല്ലേ ഉചിതം; അഥവാ അത്ര മാത്രം അത്യാവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടാൽ അനുവദിക്കുകയും അപ്പോൾ അനുവർത്തിക്കേണ്ട നിയമങ്ങളും വ്യക്തമായി സമ്മതകല്പനയിൽ ചേർക്കുന്നതും ഉചിതമായിരിക്കും.

നമ്മുടെ സഭയെ ആധുനികതയുടെ സഭയിൽ നിന്ന് വ്യത്യസ്തമാക്കുന്നത് നാം കാത്തു സൂക്ഷിക്കുന്ന പൗരാണികതയും മൂല്യാധിഷ്ഠിത കൗദാശിക അനുഭവവുമാണ്. അത് നഷ്ടപ്പെടുക എന്നത് ജീവൻ നഷ്ടപ്പെടുന്നതുപോലെ ആയിരിക്കും. നോമ്പും പ്രാർത്ഥനയും കളങ്കപ്പെടുത്തിക്കൊണ്ടുള്ള ഒരു മാറ്റം സഭയ്ക്ക് കഴിയില്ല. "നോമ്പ് വിവാഹം" എന്ന മാമാങ്കത്തിന് മാറ്റം വരേണ്ടതല്ലേ എന്ന് ചിന്തിക്കുവാൻ വിശ്വാസികൾക്ക് ഇടയാകണം. പവിത്രമായ വിവാഹ കൂദാശ നോമ്പിന്റെ എല്ലാത്തരത്തിലുമുള്ള പവിത്രതയെ ചോദ്യം ചെയ്യുന്നത് ശരിയാണോ എന്ന് നാം പുനർവിചിന്തനം ചെയ്യേണ്ടതല്ലേ? ഞായർ, തിങ്കൾ മാത്രം വിവാഹത്തിന് അനുവാദം നൽകിയിട്ടുള്ളു. മറ്റു ദിവസങ്ങളിൽ സഭ പറയുന്ന തടസ്സവാദങ്ങൾ വി. നോമ്പിനും ബാധകമല്ലേ എന്ന സംശയം ഉദിക്കുന്നതിൽ ക്ഷമിക്കുക!

❍

---

8–ാം പേജിൽ നിന്നും

## ഭാഗ്യതരംഗങ്ങൾ

വളരെ സഹായിക്കുന്നു.

ദൈവവചനത്തോടും കൂദാശാനുഷ്ഠാനങ്ങളോടും ബന്ധപ്പെട്ട് ഒരുവനിൽ അങ്കുരിക്കുന്ന ആത്മീയത സ്വാനുഭവങ്ങളേയും തന്നോടു ബന്ധപ്പെടുന്ന അന്യരുടെ അനുഭവങ്ങളെയും നന്മയുള്ളതാക്കിത്തീർക്കുന്നു. അതല്ലായെങ്കിൽ തിന്മയുടെ പ്രതീകങ്ങളായ് മാത്രമേ നമ്മുടെ ജീവിതം പരിണമിക്കുകയുള്ളൂ. അരുതാത്തത് മുഴുവൻ ചെയ്തു കൂട്ടുമ്പോൾ സംഭവിക്കുന്നത് കുത്സിതവധങ്ങളാണ്. ഉദാഹരണത്തിന് "ഞാൻ ഒരുവനെ തല്ലാൻ രണ്ടു പേരേയും കൂട്ടി പോകുന്നുവെന്ന് കരുതുക. ഇതുപോലെ ഇങ്ങനെ എന്നെ തല്ലാൻ മറ്റൊരുവൻ രണ്ടു പേരേയും കൂട്ടി വന്നാൽ ഞാനതു സഹിക്കില്ലെന്നൊരു സുബോധം എന്റെ മനസ്സിൽ തെളിഞ്ഞു വന്നാൽ എനിക്കാരെയും തല്ലാനോ ആളെക്കൂട്ടി തല്ലിക്കാനോ കഴിയില്ല. എന്നിൽ ഉണരുന്ന ആ സുബോധം എന്നെ നല്ല പന്ഥാവിലേക്ക് തന്നെ വഴി നടത്തും." മനസ്സിൽ രൂപപ്പെടുന്ന ഭാഗ്യതരംഗങ്ങൾ ജീവിതത്തെ അതിന്റെ ഉത്തമലക്ഷ്യത്തിൽ തന്നെ എത്തിക്കുകയും ചെയ്യും.

❍



ഏവൻഗേല്യോന്വ്യധ്യാനം

# മെൽത്തോ

ഫാ. ബിജു റ്റി. മാത്യു

**വാങ്ങിപ്പിന് ശേഷം ഒന്നാം ഞായറാഴ്ച : വി. ലൂക്കോസ് 6:39–45**

ആന്തരീക ദർശനം നഷ്ടപ്പെട്ട മനുഷ്യന് ആത്മവിമർശനത്തിനായി വെളിച്ചം പകരുന്ന വാക്യങ്ങളാണിവ. വി. മത്തായി 15:14 ൽ ഈ ഉപമ പരീശന്മാരെക്കുറിച്ച് വിവരിച്ചിരിക്കുന്നു.

**a) കുരുടന്മാരായ വഴികാട്ടികളോ? വെളിച്ചം വീശുന്ന വഴികാട്ടികളോ?**

കുരുടന് കുരുടനെ വഴി കാണിക്കുവാൻ കഴിയുമോ? ഇരുവരും കുഴിയിൽ വീഴുകയില്ലയോ? (വി. ലൂക്കോസ് 6:39). സ്വയം വിലയിരുത്തുവാനും ആത്മശോധന ചെയ്യുവാനും കഴിവില്ലാത്തവർ എങ്ങനെ അന്യരെ വെളിച്ചത്തിലേക്ക് നയിക്കും?

കർത്താവിന്റെ ശുശ്രൂഷയിൽ വ്യാപൃതരായിരിക്കുന്നവർ ശ്രദ്ധിക്കേണ്ട സന്ദേശമാണിത്. മറ്റുള്ളവരെ ആത്മീയ പാതയിൽ നയിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവർ ആത്മവിമർശനത്തോടെ ജീവിതത്തെ സമീപിക്കേണ്ടിയിരിക്കുന്നു. വി. ലൂക്കോസ് 6:41 എന്നാൽ നീ സഹോദരന്റെ കണ്ണിലെ കരടു നോക്കുകയും സ്വന്തം കണ്ണിലെ കോൽ വിചാരിക്കാതിരിക്കയും ചെയ്യുന്നത് എന്ത്? സ്വന്തം കാര്യങ്ങളിലെയും കർമ്മങ്ങളിലെയും നീതീകരണങ്ങളും ലോകത്തിനടുത്ത കാര്യങ്ങളെ മാത്രം കാണുവാനുള്ള ഹ്യസ്വദൃക്കാണ് നമുക്കുള്ളത്. പൗലോസ്, യേശുവിന്റെ മാർഗ്ഗത്തെ ആദ്യം കണ്ടത് കുരുടനായിരുന്ന അവസ്ഥയാണെങ്കിൽ ദമസ്കോസിലേക്കുള്ള യാത്രയിൽ ക്രിസ്തു സഭയ്ക്ക് വെളിച്ചം വീശുന്ന വഴികാട്ടിയായി പൗലോസ് പരിണമിച്ചു. (വി. യോഹന്നാൻ 3:1–6) സന്നിദ്രീം സംഘത്തിൽ പ്രധാന സ്ഥാനിയും യഹൂദന്മാരുടെ ഉപദേഷ്ടാവുമായ നിക്കോദിമോസ് തന്റെ കുരുടാവസ്ഥ നീക്കിയത് യേശുവിന്റെ ക്രൂശീകരണവേളയിലാണ്. അതുപോലെ യേശുവിൽ നിന്ന് പൂർണ്ണ ശിഷ്യത്വവും ശിക്ഷണവും വിനീതമായി സ്വീകരിച്ച് യഥാർത്ഥദൈവീക കാഴ്ചപ്പാടും ആന്തരീക ദർശനവും ലഭിച്ച ക്രിസ്തു ശിഷ്യന് മാത്രമേ, അഥവാ യേശുവിന്റെ സ്നേഹത്തിന്റെ പ്രമാണം ഉൾക്കൊണ്ടവർക്കു മാത്രമേ മറ്റുള്ളവരെ ക്രിസ്തു മാർഗ്ഗത്തിലൂടെ പ്രകാശത്തിലേക്ക് നയിക്കുവാൻ കഴിയൂ.

ഇന്നിൽ നേതൃത്വം വഹിക്കുന്നവർ ആത്മീയ അന്ധതയിൽ മുങ്ങിത്താഴുമ്പോൾ, വഴികാണിക്കുന്നവരും വഴിയെ അനുഗമിക്കുന്നവരും, ഇരുകൂട്ടരും അന്ധതയിൽ തപ്പിത്തടഞ്ഞു കുഴിയിൽ വീഴുക തന്നെ ചെയ്യുന്നു. ഈ ഉൾക്കാഴ്ച ലഭിക്കാത്ത മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് ദോഷം വിതയ്ക്കുകയാണോ? ഇന്നത്തെ വിദ്യാർത്ഥി സമൂഹവും ദർശനമില്ലാതെ നേതൃത്വത്തിന്റെ ആത്മീയ അന്ധതയുടെ അനന്തരഫലം അനുഭവിക്കുകയാണോ?

**b) ജീവിതവിശുദ്ധിയും അതിലെ നന്മയും തലമുറയ്ക്ക് അനുഗ്രഹകരം?**

വി. ലൂക്കോസ് 6:44 "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നന്മയുടെ നിക്ഷേപത്തിൽ നിന്ന്, നന്മ പുറപ്പെടുവിക്കുന്നു."

വ്യക്തി ജീവിതത്തിന്റെ പൂർണ്ണതകളിലെ ആത്മീയ ചൈതന്യമാണ് പിതാക്കന്മാരുടെ ജീവിതസാക്ഷ്യം. ഈ വേദഭാഗത്ത് വൃക്ഷവും ഫലവു തമ്മിലുള്ള ബന്ധത്തിന്റെ മാഹാത്മ്യം ക്രിസ്തു വ്യക്തമാക്കുന്നു. നല്ല ഫലം പുറപ്പെടുവിക്കുന്നതിനു വൃക്ഷവും നന്നായിരിക്കേണ്ടതുപോലെ യഥാർത്ഥ ശിഷ്യനും തന്റെ വ്യക്തിത്വത്തിന്റെ പൂർണതയിൽ നിന്നുകൊണ്ട് ആത്മീക ഫലങ്ങളെ പുറപ്പെടുവിക്കണം. 'ഫലം' എന്നതിൽ നിന്ന് ഒരുവന്റെ ആന്തരീകതയെ തന്നെയാണ് ക്രിസ്തു വിവക്ഷിക്കുന്നത് എന്നത്വ്യക്തമാണ്; മാത്രമല്ല ഒരുവന്റെ ആത്മീയതയും ആന്തരീകതയും അളക്കുവാൻ ക്രിസ്തു ഏറ്റെടുത്തിരിക്കുന്ന മാനദണ്ഡമാണ് ഫലം അഥവാ പ്രവൃത്തി.

ഇതുപോലെ നമ്മുടെ ജീവിതം മറ്റുള്ളവരുടെ അന്തർ ബോധത്തിലേക്ക് കടന്നിറങ്ങുന്ന പ്രേരണയും പ്രചോദനവും ആയിത്തീർന്നിട്ടുണ്ടോ? സൃഷ്ടിയിൽ നിന്ന് സൃഷ്ടാവ് പ്രതീക്ഷിക്കുന്ന രീതിയിൽ തന്നെ നാം വിശ്വസിക്കുന്ന മതത്തിന്റെ പ്രതിരൂപമായിത്തീർന്ന് കാലഘട്ടത്തിൽ പ്രകാശം നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ? ആൽബർട്ട് ഷൊയിറ്റ്സർ എന്ന ദൈവശാസ്ത്രജ്ഞൻ "നിങ്ങൾ കണ്ണു തുറന്നു നോക്കൂ, നിങ്ങളുടെ സമയം അല്പം നൽകുന്നതിനുവേണ്ടി, നിങ്ങളുടെ കണ്ണുകളിലേക്കു തന്നെ നോക്കി നിൽക്കുന്ന ധാരാളം ആളുകളെ കാണാം."

**വാങ്ങിപ്പിന് ശേഷം രണ്ടാം ഞായറാഴ്ച : വി. ലൂക്കോസ് 11:9-20**

മുട്ടിപ്പായി യാചിക്കുന്ന സാക്ഷാൽ ആവശ്യക്കാരനെ കൈവിടാത്തവനാണ് ദൈവം എന്ന് ഈ വേദഭാഗം പഠിപ്പിക്കുന്നു. God responds when we presistently ask for things that are good. പൗരസ്ത്യ സഭയിലെ പ്രാർത്ഥനയെക്കുറിച്ചുള്ള അടിസ്ഥാനപരമായ ഒരു ചിന്തയാണിത്.

**a) സ്ഥിരമായ പ്രാർത്ഥനയുടെ ശക്തിയും ദൈവത്തിന്റെ ഔദാര്യവും**

യേശു തമ്പുരാന്റെ യരുശലേം യാത്രയുടെ സമയത്ത് പ്രാർത്ഥനയെക്കുറിച്ചുള്ള ശ്രേഷ്ഠമായ ഉപദേശമാണിവിടെ അന്തർലീനമായിട്ടുള്ളത്. ചോദിക്കുക (Keep on asking), അന്വേഷിക്കുക (Keep on searching), മുട്ടുക (Keep on knocking) എന്നീ 3 വാക്കുകളും മാനുഷിക അഭ്യർത്ഥനയുടെ 3 തലങ്ങളും സ്ഥിരോത്സാഹത്തോടെ പ്രാർത്ഥിക്കുവാനുള്ള പ്രേരണയുമാണ് കാണിക്കുന്നത്.

അർദ്ധരാത്രിയിൽ മക്കളോടൊത്ത് ഉറങ്ങുന്ന സ്നേഹിതനോട് അത്യാവശ്യം അറിയിച്ച്, കിട്ടുന്നതുവരെ പിൻതിരിയാതെ, നിർത്താതെ യാചിച്ചു കൊണ്ടിരുന്ന സ്നേഹിതന്റെ നിർബന്ധം ഔചിത്യരഹിതമായി തോന്നാമെങ്കിലും, ഗൃഹനായകൻ നിർബന്ധ പൂർവ്വകമായ യാചനയ്ക്ക് വഴങ്ങി അപ്പം കൊടുക്കുക തന്നെ ചെയ്യും. പക്ഷേ ഈ യാചന അവസാന സമയത്തും 11-ാം മണി നേരത്തുമായി മാത്രം ആക്കാതെയും കാര്യസാദ്ധ്യത്തിനായി മാത്രമായിപ്പോകാതെയും, ജീവിതത്തിൽ സദാനേരത്തും ദൈവത്തെ അന്വേഷിക്കുന്ന ഭക്തന്റെ ആദ്ധ്യാത്മിക മാർഗ്ഗമാണ് ഇന്നിന്റെ ആവശ്യം. അനുസ്യൂതം ദൈവത്തോടു ബന്ധം പുതുക്കുകയും പുലർത്തുകയും ചെയ്യുന്ന അനുഭവം.

ഇന്ന് 'ആത്മീയത' ആർത്തി സംസ്ക്കാരത്തിന് വിധേയപ്പെട്ട് 'പ്രാർത്ഥനയ്ക്കുടനെ ഉത്തരം' എന്ന സമവാക്യത്തിൽ തളച്ചിടപ്പെട്ടിരിക്കുന്നുണ്ടോ? എന്ന് സംശയിക്കുന്നു. എന്നാൽ ഇവിടെ പ്രാർത്ഥനയിൽ ഉത്തരത്തിനായി കാത്തിരിക്കുക; അനുഗ്രഹത്തിനായി ദൈവത്തോടുള്ള സമൃദ്ധമായ ബന്ധം നിലനിർത്തുക' ഇതൊക്കെ പിതാക്കന്മാരുടെ ആദ്ധ്യാത്മിക ജീവിത മാതൃകകളായിരുന്നു.

We ask in prayer, seek by learning God's truth, and knock by doing, God's will. പ്രാർത്ഥനയിലൂടെ ആവശ്യങ്ങളെ ദൈവത്തോട് അറിയിക്കുക. ദൈവീക യാഥാർത്ഥ്യങ്ങളെ തിരിച്ചറിയേണ്ടതിന് അന്വേഷിക്കുക, ദൈവേഷ്ടം നടപ്പിലാക്കുന്നതിന് നിരന്തരമായി ദൈവസന്നിധിയിൽ അടുത്തുചെല്ലാം.

**b) നന്മയെ തിന്മയായി ചിത്രീകരിച്ച് കാണിക്കുന്ന തലമുറ :-**

"വി. ലൂക്കോസ് 11:15 ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂലിനെക്കൊണ്ടാകുന്നു അവൻ ഭൂതങ്ങളെ പുറത്താക്കുന്നത്." ഇതിനോട് സമമായ വേദഭാഗം വി. മർക്കോസ് 3:20-30 വരെ കാണാം. 'ഇവനിൽ ബേത്സബൂൻ ഉണ്ട്, ഭൂതങ്ങളുടെ........ ബഹിഷ്കരിക്കുന്നു.' യേശുവിനെയും അവിടുത്തെ ദൈവീക ദൗത്യത്തെയും മനസ്സിലാക്കാൻ കഴിയാത്ത സമൂഹത്തിന്റെ വികാരവും വിചാരവുമാണിത്. പൂർണ്ണ നന്മയുടെ മഹനീയ സാന്നിദ്ധ്യം ഇല്ലാതാക്കി ആത്മീയാന്ധത ബാധിച്ച് മാനസാന്തരത്തിന്റെ സുവിശേഷത്തെ ഉപേക്ഷിച്ച് നാശോന്മുഖമായ വഴികളിലൂടെ യാത്ര ചെയ്യുന്ന സമൂഹം. യഥാർത്ഥത്തിൽ ബേത്സബൂൻ ബാധിച്ചിരിക്കുന്നത് ഈ സമൂഹത്തിനല്ലേ. ബേത്സബൂൽ സാത്താന്യ ശക്തിയാണ്. "Master of the house"

എന്നും പറയാറുണ്ട്. അതുകൊണ്ടാവാം യേശു തമ്പുരാൻ ഭവനത്തോടു ബന്ധപ്പെടുത്തി ഒരു ഉപമ പറയുന്നതായി കാണാം. ഒരു ഭവനം അതിനെ ത്തന്നെ വിരോധമായി ഛിദ്രിക്കുന്നതായാൽ ആ ഭവ നത്തിന് നിലനിൽക്കുവാൻ കഴിയുകയില്ല. പരീശ ന്മാരും വേദപണ്ഡിതന്മാരും യുക്തികൊണ്ടും വിചാ രങ്ങൾകൊണ്ടും വികലമായ വേദപരിജ്ഞാനം കൊണ്ടും യാഥാർത്ഥ്യങ്ങളെ നിഷേധിച്ച് സർവ്വതി നെയും വിമർശിച്ച് നന്മയെ തിന്മയായി ചിത്രീകരി ക്കുന്നതിനാണ് ആഗ്രഹിക്കുന്നത്. ലോകത്തിൽ തിന്മ ചെയ്ത് നന്മ ഉണ്ടാക്കുവാൻ ഒരിക്കലും കഴി യുകയില്ല. സ്വാർത്ഥ താല്പര്യങ്ങൾ സംരക്ഷിക്കു വാൻ ഇന്നും ഹൃദയകാഠിന്യത്തോടുകൂടി പെരുമാ റുന്നവർ ധാരാളമുണ്ട്. സമൂഹത്തിൽ നന്മയുടെ വശങ്ങളെ പർവ്വതീകരിക്കുവാൻ ഓരോ വിശ്വാ സിയ്ക്കും കഴിയണം.

**വാങ്ങിപ്പിന് ശേഷം മൂന്നാം ഞായറാഴ്ച : വി. മത്തായി 17:22-27**

യേശു തമ്പുരാൻ (രണ്ടാമത്തെ പ്രാവശ്യം) വീണ്ടും തന്റെ മരണത്തെക്കുറിച്ചും പുനരുത്ഥാന ത്തെ്പ്പറ്റിയും വെളിപ്പെടുത്തുന്ന സംഭവവും, കർത്താവിന്റെ കല്പനപ്രകാരം, പത്രോസ് കട ലിൽ ചൂണ്ടയിട്ടു നേടിയെടുത്ത മത്സ്യത്തിന്റെ വായിൽ നിന്ന് കരം കൊടുക്കുന്നതിനുള്ള പണം എടുക്കുന്ന സംഭവമാണ് വേദഭാഗത്തിലെ പ്രതി പാദ്യ വിഷയം.

**a) നിയമത്തിന്റെ സങ്കീർണ്ണതയ്ക്കു വെളിയിൽ പാലിക്കപ്പെടുന്ന ഉപചാരങ്ങൾ :-**

യരുശലേം ദേവാലയത്തിന്റെ പുനരുദ്ധാരണ ത്തിനായി 12 വയസ്സിനു മുകളിലുള്ള ഓരോ യഹൂ ദനും (പുരോഹിതനൊഴികെ) കരം കൊടുക്കണം എന്നത് യഹൂദ നിയമമായിരുന്നു. (പുറപ്പാട് 30:11 -16) യേശു തമ്പുരാൻ പറയുന്നു. "ഭൂമിയിലെ രാജാ ക്കന്മാർ ചുങ്കവും നികുതിയും പിരിക്കുന്നത് ആരോ ടാകുന്നു? തങ്ങളുടെ മക്കളോടോ, അന്യന്മാ രോടോ? എന്നാൽ മക്കൾ സ്വതന്ത്രരാകുന്നുവല്ലോ എങ്കിലും നാം അവർക്ക് ഇടർച്ച വരുത്താതിരി പ്പാൻ..........കൊടുക്കുക" വി. മത്തായി 17:26,27

പഴയനിയമ കാലത്ത് വീണ്ടെടുപ്പിന്റെ വില യായിട്ടായിരുന്നു കരം കൊടുത്തിരുന്നത് (സംഖ്യ. 3:43-51). ഇവിടെ യേശുവോ ദൈവത്തിന്റെ പുത്രനും നിത്യപുരോഹിതനും ദേവാലയത്തിന്റെ അധിപതിയുമാകുന്നു. എന്നാൽ ജനങ്ങളുടെ ഇട യിൽ ഒരു പിറുപിറുപ്പ് ഉണ്ടാകാതിരിക്കേണ്ടതിന് ഭൂമിയിലെ കപ്പം കൊടുക്കാൻ പൂർണ്ണ മനുഷ്യപു ത്രനായി മാത്രമല്ല ദൈവം ആദാമിനെയും ഹവ്വാ യേയും സൃഷ്ടിച്ച് സകലത്തിന്റേയും അധികാരം നൽകി.

നദിയിലെ മത്സ്യം അവരെ അനുസരിച്ചു എന്നാൽ പാപം നിമിത്തം അവർക്ക് എല്ലാ അധി കാരവും നഷ്ടപ്പെട്ടു. അതിനാൽ മത്സ്യത്തോട് com-mand ചെയ്യാൻ സാധിച്ചില്ല. എന്നാൽ ഈ പാപത്തെ അഴിക്കുവാൻ വന്ന യേശുതമ്പുരാൻ കല്പിച്ചപ്പോൾ മത്സ്യം പണവുമായി വന്നു (വി. മത്തായി 21:1-7; വി. മത്തായി 26:34, 74-75). ദൈവ പുത്രൻ നിയമങ്ങൾക്കു മുമ്പിൽ സ്വയം അനുസര ണമുള്ളവനാകുകയും ശിഷ്യഗണങ്ങളെ പഠിപ്പിക്കു കയും ചെയ്തു.

**b) "നീ അത് എടുത്ത് എനിക്കും നിനക്കും വേണ്ടി കൊടുക്കുക" വി. മത്തായി 17:27 :-**

ഗ്രഹണാതീതവും മനുഷ്യബുദ്ധിക്കതീതവു മാണ് ഈ സംഭവം. പെരുത്ത മത്സ്യങ്ങളും അതിന്റെ സമൃദ്ധിയും പത്രോസിന് അന്യമല്ല എന്നാൽ ഇവിടെ ചൂണ്ടലിട്ട് ഒരു മത്സ്യത്തെ പിടി ക്കുവാനുള്ള ആഹ്വാനവും അതിന്റെ വായിൽ നിന്ന് ഒരു നാണയം എടുക്കുവാനുള്ള കല്പനയുമാണ്.

1. ആർക്കോ ഒരു നാണയം വെള്ളത്തിൽ നഷ്ടപ്പെട്ടു. (നഷ്ടം അനുഗ്രഹത്തിലേക്ക് നയിക്കപ്പെ ടുന്നു) 2. ഒരു മത്സ്യത്തെ ഈ നാണയം വിഴുങ്ങു വാൻ ദൈവം കല്പിച്ചാക്കി. 3. ആ മത്സ്യം പത്രോ സിന്റെ ചൂണ്ടയിൽ കുരുങ്ങി.

ദൈവമക്കൾക്കുവേണ്ടി ദൈവം തുറക്കപ്പെ ടുന്ന വാതിലുകളുടെ പ്രതീകങ്ങളാണിവ. പത്രോ സിലൂടെ യേശുതമ്പുരാൻ പ്രവർത്തിച്ച അത്ഭുത ങ്ങളിൽ അനന്യത നിറഞ്ഞതാണീ സംഭവം: (a) പത്രോസിന്റെ അമ്മായിയമ്മയെ സൗഖ്യമാക്കി (വി. മർക്കോസ് 1:29-34). (b) സമൃദ്ധിയേറിയ മത്സ്യങ്ങളെ നൽകി (c) പത്രോസിനെ വെള്ളത്തിൽക്കൂടി നടത്തി (വി. മത്തായി 14:22-33), (d) മഹാപുരോ ഹിതന്റെ ദാസന്റെ ചെവി ചേർത്തു (വി. മത്താ. 26:47-56) (e) കാരാഗൃഹത്തിൽ നിന്നും വിടുവിച്ചു (അപ്പോ. പ്ര. 12;1). യേശു തമ്പുരാൻ അരുളിച്ചെ യ്തപ്പോൾ വലയും വള്ളവും ഉപേക്ഷിച്ച് ചൂണ്ട യുമായി മീൻ പിടിക്കുവാൻ തയ്യറായി. കിട്ടിയ നാണയം യേശുവിനും തനിക്കുംവേണ്ടി കൊടുക്കു കയാണ്. വിശ്വാസവും പ്രവൃത്തിയും പരസ്പര പൂര കങ്ങളാണെന്നും അദ്ധ്വാനത്തിന്റെ ഒരു പങ്ക് ദൈവ ത്തിനുള്ളതാണെന്നും ഈ വേദഭാഗം നമ്മെ പഠി പ്പിക്കുന്നു. മാത്രമല്ല ഇന്ന് ആത്മീകതയുടെ ആഴ ങ്ങളെ അത്ഭുതങ്ങളുടെ പശ്ചാത്തലത്തിൽ മാത്രം അളന്നെടുക്കുവാനുള്ള പ്രവണത കൂടുതലാണ്. ഈ അത്ഭുത സംഭവത്തിലൂടെ ദൈവത്തിന്റെ കരു

തലും ദൈവം പ്രവർത്തിക്കുന്ന വിധങ്ങളും അത്ഭുതങ്ങൾക്ക് ഒരു നൂതന ആദ്ധ്യാത്മിക മണ്ഡലം നമുക്കുണ്ട് എന്ന് പഠിപ്പിക്കുന്നു.

**വാങ്ങിപ്പിന് ശേഷം നാലാം ഞായറാഴ്ച : വി. മത്തായി 5:38–48**

ഗിരിപ്രഭാഷണത്തിലൂടെ, ദൈവരാജ്യ ധാർമ്മികതയിൽ പരസ്നേഹത്തിന്റെ പൂർണ്ണതയാണ് ശത്രുസ്നേഹം എന്ന് വ്യക്തമാക്കുകയും നിരുപാധിക സ്നേഹം വഴി ശത്രുക്കളെ മിത്രങ്ങളാക്കുന്നതിനുള്ള ആഹ്വാനവുമാണ് പ്രതിപാദ്യവിഷയം.

**a) പ്രതികാര നിരോധനം, അക്രമരാഹിത്യം എന്നിവയെ സംബന്ധിച്ച പ്രബോധനങ്ങൾ :-**

വി. മത്തായി 5:39,40 "ദുഷ്ടനോട് എതിർക്കരുത്, നിന്റെ വലത്തെ ചെകിട്ടത്തു അടിക്കുന്നവനു മറ്റേതും തിരിച്ചു കാണിക്ക. നിന്നോടു വ്യവഹരിച്ചു വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനു നിന്റെ പുതപ്പും വിട്ടുകൊടുക്കുക."

പഴയനിയമത്തിൽ നിന്ന് വ്യത്യസ്തവും വിപരീതവുമായ ഒരു ആഹ്വാനമാണിത്. പുറപ്പാട് 21: 24, ലേവ്യാ 24;20, ആവർത്തനം 19:21. തെറ്റുകുറ്റങ്ങൾക്ക് സമാന്തരമായും ആനുപാതികമായും പരിഹാരം നിശ്ചയിച്ച് മനുഷ്യന്റെ താല്പര്യത്തിൽ അതിനെ ക്രമീകരിക്കുകയാണ് പഴയ നിയമത്തിൽ ഇത് സംബന്ധിച്ചുള്ള ബോദ്ധ്യങ്ങൾ.

മോശൈക നിയമത്തെ ലാഘവപ്പെടുത്തി 'not to resist' എന്ന സ്നേഹത്തിന്റെ പ്രമാണമാണ് യേശു സ്വീകരിച്ചത്. എതിർപ്പുകൾ കൊണ്ട് കലാപങ്ങൾ സൃഷ്ടിക്കാതെ ദുഷ്ടതയെ, നന്മകൊണ്ട് ജയിക്കുവാൻ തമ്പുരാൻ പഠിപ്പിക്കുന്നു. അതായത് ധാർമ്മികതയും ആത്മീയവുമായ പ്രതികരണം വഴി മാനസാന്തരത്തിന്റെ അനുഭവത്തിലേക്കും അക്രമരാഹിത്യത്തിലൂടെ പ്രശാന്തമായ സാഹചര്യം സൃഷ്ടിച്ച് വിട്ടുവീഴ്ചാ മനോഭാവത്തിലൂടെ അപരനെ ഉൾക്കൊള്ളുവാനും നേടിയെടുക്കുവാനും നമുക്ക് കഴിയണം. ഇന്ന് "പകരത്തിനു പകരം" എന്ന സമവാക്യം എല്ലാ മേഖലകളിലും എല്ലാവരും മുറുകെ പിടിച്ചിരിക്കുകയാണ്. ലോകത്തിന്റെ അസ്വസ്ഥതയ്ക്ക് അതുല്യമായ കാരണവും ഇതു തന്നെ. Jesus Christ replaced a law with an attitude. വി. മത്തായി 5:40, 41, 42 നഷ്ടങ്ങളും കഷ്ടങ്ങളും സഹിച്ച് മറ്റുള്ളവരുടെ മുമ്പിൽ പരിഹാസിയായും പരിത്യാഗിയായും കാണപ്പെട്ട് മനുഷ്യകുലത്തെ മുഴുവനും രക്ഷയുടെ അനുഭവത്തിലേക്ക് നയിച്ചതുപോലെ, ആത്മ പരിത്യാഗത്തിലൂടെ ലോകത്തിന്റെ ദുഷ്ടതയെ നന്മയിലേക്ക് നയിക്കുവാൻ നമുക്ക് കഴിയണം.

**b) ശത്രുസ്നേഹത്തിന്റെ വിശാലമായ ഭാവവും ലക്ഷ്യവും:-**

"വി. മത്തായി 5:44 ശത്രുക്കളെ സ്നേഹിപ്പിൻ നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ."

'ശത്രുവിനെ സ്നേഹിക്കുക' എന്നത് ഒരു വികാര പ്രകടനം മാത്രമല്ല, It is not an emotion but includes decision and action. വിദ്വേഷത്തിൽ നിന്നും കോപത്തിൽ നിന്നും വൈരാഗ്യത്തിൽ നിന്നും സ്വതന്ത്രമാകുവാൻ 'ദൈവസ്നേഹം' എന്ന യാഥാർത്ഥ്യത്തെ മുറുകെ പിടിക്കുവാൻ നമുക്ക് കഴിയണം. Christian love is an act of will and not simply an emotion. റോമർ 5:10 ശത്രുക്കളായിരിക്കുമ്പോൾ തന്നെ ദൈവം നമ്മെ സ്നേഹിച്ചു നമ്മുടെ മനോഭാവങ്ങൾക്ക് മാറ്റം വരുവാൻ 3 രീതിയിലാണ്. ഈ ഭാഗത്ത് ദൈവസ്നേഹത്തെ ക്രിസ്തു അവതരിപ്പിക്കുന്നതു തന്നെ.

1. സ്നേഹം പക്വതയുടെ ലക്ഷണമാണ് നാം ശിശുക്കളല്ല പിന്നെയോ ദൈവമക്കളത്രേ വി. മത്തായി 5:45., 2. സ്നേഹം ദൈവേഷ്ടമാണ് 5:46, 3. സ്നേഹം ത്യാഗസമ്പൂർണ്ണതയുടെ പ്രതിഫലനമാണ്. വി. മത്തായി 5:46,47

ശത്രുക്കളെ സ്നേഹിക്കുന്ന ശിഷ്യർക്ക് ലഭിക്കുന്ന പ്രതിഫലം അത്ഭുതകരമാണ്. ദുഷ്ടർക്കും ശിഷ്ടർക്കും ഒരുപോലെ നന്മമാത്രം ചെയ്യുന്ന സ്വർഗ്ഗീയ പിതാവിന്റെ മക്കളായി രൂപപ്പെടുക എന്ന മഹാഭാഗ്യമാണത്. സ്നേഹിതനെ സ്നേഹിച്ചാൽ സ്നേഹിതന്റെ പ്രതിസ്നേഹം കിട്ടും എന്നാൽ ശത്രുവിനെ സ്നേഹിച്ചാൽ സ്വർഗ്ഗീയ പിതാവിന്റെ പിതൃസ്നേഹം ലഭിക്കും. റോമാ. 12:19–21, 1 കൊരി. 4:12; 1 തെസ്സ 5:11; 1 പത്രോസ് 2:12, 33 ഇതിലൂടെ നാം എത്തിച്ചേരേണ്ട അനുഭവത്തെയാണ് അവസാന വാക്യത്തിൽ പഠിപ്പിക്കുന്നത്. വി. മത്തായി 5:48 ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവീൻ (19:21). മുഴുവനായിരിക്കുന്ന, തികഞ്ഞിരിക്കുന്ന, സമഗ്രമായിരിക്കുന്ന, പൂർണ്ണനായിരിക്കുന്ന അവസ്ഥ ഇതാണ് സൽഗുണപൂർണ്ണനായിരിക്കുക എന്നതിന്റെ അർത്ഥം. സ്വർഗ്ഗീയ പിതാവ് പാപികളായ നമ്മെ പുത്രനായ ക്രിസ്തുവിലൂടെ വീണ്ടെടുത്ത് കൂട്ടവകാശികളാക്കിയപോലെ ശ്രേഷ്ഠമായ ധാർമ്മികതയും അതിന്റെ അന്തഃസത്തയായ സ്നേഹപ്രമാണവും അനുഷ്ഠിക്കുന്ന ശിഷ്യനായിത്തീരുമ്പോൾ സ്വർഗ്ഗരാജ്യത്തിന്റെ വാതിലുകൾ നമുക്കായി തുറക്കപ്പെടും.

വായനക്കാരുടെ പ്രതികരണങ്ങൾ ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ, ബഥേൽ പത്രിക, പി.ബി. 38, ബഥേൽ അരമന ചെങ്ങന്നൂർ 689 121

പ്രതികരണപത്രിക

# സി.എസ്.ഐ. വൈദികൻ കൽപന മാനിച്ചു; ഓർത്തഡോക്സ് കൈക്കാരൻ അപമാനിച്ചു.

ഓർത്തഡോക്സുകാരന്റെ കല്പനലംഘനം എന്ന കുറിപ്പ് (2013 ജനുവരിലക്കം) വായിച്ചു. വിവാഹ നിശ്ചയ വേളയിൽ പെണ്ണിനേയും ചെറുക്കനേയും ഒരുമിച്ചിരുത്തുന്നത് നിരോധിച്ചുകൊണ്ടുള്ള കല്പന വന്നതിനുശേഷം നടന്ന രണ്ടു സംഭവങ്ങളുടെ ദൃക്സാക്ഷി വിവരണം ഒരു വൈദികനിൽ നിന്ന്. വധു സി.എസ്.ഐയും വരൻ ഓർത്തഡോക്സ്കാരനുമായ ഒരു വിവാഹ നിശ്ചയത്തിൽ പങ്കെടുക്കാനായി അച്ചൻ പോയി. വേദിയിൽ പ്രതിശ്രുത വധൂവരന്മാർക്കായി കസേരകൾ ക്രമീകരിച്ചതു കണ്ട നമ്മുടെ അച്ചൻ ആതിഥേയനായ സി.എസ്.ഐ. അച്ചനോട് നമ്മുടെ സഭാതലവനിൽ നിന്നുള്ള നിരോധന കല്പനയുടെ കാര്യം പറഞ്ഞു. വരന്റെ സംഘത്തിലുള്ള ഒന്നുരണ്ടു പ്രായമുള്ളവർ വധുവിന്റെ മാതാപിതാക്കളോടും ഇക്കാര്യം പറഞ്ഞത് അച്ചന് ബലമായി. വൈകാതെ സ്റ്റേജിൽ നിന്ന് കസേരകൾ അപ്രത്യക്ഷമായി.

പാലക്കാട് ജില്ലയിലെ ഒരു ഓർത്തഡോക്സ് പള്ളിയിലാണ് അടുത്ത സംഭവം. വധൂവരന്മാർ നല്ല ഓർത്തഡോക്സുകാർ അവരും മാതാപിതാക്കളും അച്ചന് വളരെ പ്രിയപ്പെട്ടവർ. അവിടെയും സ്റ്റേജിൽ കസേരകൾ കണ്ട അച്ചൻ അവ നീക്കാൻ ആവശ്യപ്പെട്ടു. അച്ചൻ പറയുന്നതെന്തും അനുസരിക്കാൻ പ്രതിശ്രുത വധൂവരന്മാരും അവരുടെ മാതാപിതാക്കളും തയ്യാർ. പക്ഷെ പള്ളി കൈക്കാരൻ തയ്യാറല്ല. (വികാരി സ്ഥലത്തില്ലാതിരുന്നത് അദ്ദേഹത്തിന്റെ ഭാഗ്യം) കൽപ്പനയെക്കുറിച്ച് പറഞ്ഞപ്പോൾ ഇവിടെ അത് ബാധകമല്ല; കസേര മാറ്റിയാലാണ് പ്രശ്നമുണ്ടാകുന്നത് എന്നായി കൈക്കാരൻ. അവസാനം പരാജിതനായ അച്ചൻ സ്റ്റേജിൽ കയറാതെ ജനത്തോടൊപ്പമിരുന്ന് ചടങ്ങിൽ സംബന്ധിക്കേണ്ടതായി വന്നു. അന്യ സഭകളിൽ നടക്കുന്ന വിവാഹനിശ്ചയ വേളകളിൽ നമ്മുടെ വൈദികർ പങ്കെടുക്കാതിരിക്കുന്നതാണ് നല്ലത്; പങ്കെടുക്കുന്നെങ്കിൽ പ്രതിശ്രുത വധൂവരന്മാരെ ഒരുമിച്ചിരുത്തുകയില്ലെന്നു ഉറപ്പു വരുത്തണം.

അന്യസഭയിലേക്ക് പോകുന്നവർക്ക് ദേശക്കുറിയും വിളിച്ചുചൊല്ലും പാടില്ല എന്ന കുറിപ്പ് (2013 മെയ് ലക്കം) കണ്ടു. പല ഇടവകകളിലും നിയമം ലംഘിക്കുന്നത് വൈദികരുടെ കുറ്റമല്ല; ഇടവകകളിലെ കീഴ്വഴക്കങ്ങൾക്ക് വിധേയപ്പെടുന്നതാണ്. തൽസംബന്ധമായി 1977 ൽ പുറപ്പെടുവിച്ച കല്പ്പന ഒരിക്കൽക്കൂടി പുറപ്പെടുവിച്ചിരുന്നെങ്കിൽ നേരെ നിൽക്കാമായിരുന്നുവെന്ന് ഒരു വൈദികൻ അഭിപ്രായപ്പെട്ടു. അതുപോലെ സഭ വിവാഹ കൂദാശ അനുവദിക്കുന്ന തീയതികൾ സഭാപഞ്ചാംഗത്തിൽ ചേർക്കുന്നത് നല്ലതാണ്.

**വർഗീസ് ജോൺ തോട്ടപ്പുഴ**

## ജീവനം

നീർവിളാകം സെന്റ് ഗ്രീഗോറിയോസ് യുവജനപ്രസ്ഥാനത്തിന്റെ ചുമതലയിൽ ജീവകാരുണ്യപ്രവർത്തനത്തിന്റെ പ്രധാനഭാഗമായി 2012 നവംബർ മാസം മുതൽ മുടങ്ങാതെ പ്രവർത്തിച്ചുവരുന്ന ഒരു പദ്ധതിയാണ് ‘ജീവനം’ നിരാലംബരും സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവരുമായ രോഗികൾക്ക് ‘ഡയാലിസിസ്’ ഒരു തവണ ചെയ്യുന്നതിനായി മൂവായിരത്തിയഞ്ഞൂറ് രൂപയോളം സാമ്പത്തിക സഹായം നൽകിവരുന്നു. ‘ഡയാലിസിസ്’ നടത്തേണ്ടവരും സഹായത്തിന് അർഹതപ്പെട്ടവരുമായ വ്യക്തികൾ To, The Secretary, St. Gregorios Orthodox Youth Movement, Neervilakom P.O., Chengannur എന്ന വിലാസത്തിൽ അപേക്ഷകൾ അയച്ചിരിക്കേണ്ടതാണ്. അഭ്യുദയകാംക്ഷികളായവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചു നടത്തപ്പെടുന്ന ജീവന പദ്ധതിയിൽ സഹകരിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ വിലാസത്തിൽ തന്നെ ബന്ധപ്പെടേണ്ടതാണ്.

## പ്രസംഗ പരിശീലന കളരി

ചെങ്ങന്നൂർ : അഖില മലങ്കര ക്രൈസ്തവ യുവജനപ്രസ്ഥാനം “ചെങ്ങന്നൂർ-നിരണം-മാവേലിക്കര” റീജിയന്റെ നേതൃത്വത്തിൽ 2013 ആഗസ്റ്റ് 31 ശനിയാഴ്ച രാവിലെ 9.30 മുതൽ മലങ്കര സഭയുടെ തീർത്ഥാടന കേന്ദ്രമായ ചേപ്പാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളിയിൽ വെച്ച് “പ്രസംഗ പരിശീലന കളരി” സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഭദ്രാസന ഭാരവാഹികളുമായോ ടി ഫോൺ നമ്പരിലോ ബന്ധപ്പെടുക: - ജേക്കബ് ഉമ്മൻ (OCYM Regional Secretary) ഫോൺ : 9947130287 ഒരു ഭദ്രാസനത്തിൽ നിന്നും ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് പങ്കെടുക്കാം. അവസാന തീയതി ആഗസ്റ്റ് 18



ബാലപത്രിക

# ശരിയായ ആശയവിനിമയം

സ്നേഹമുള്ള കൂട്ടുകാരെ,

ഒരു കൊച്ചുബാലനും അവന്റെ വളർത്തച്ഛനും നല്ല ബന്ധത്തിലായിരുന്നു. പക്ഷെ രണ്ടുപേരുടെയും താല്പര്യം രണ്ടു വഴിക്കായിരുന്നു. വളർത്തച്ഛൻ വെളി സ്ഥലങ്ങളിൽ സമയം ചെലവിടാൻ ഇഷ്ടപ്പെട്ടപ്പോൾ ബാലൻ വീട്ടിനുള്ളിൽ പുസ്തകവുമായി കഴിയുവാനാണ് താല്പര്യപ്പെട്ടത്. ബാലനെ തന്നോട് കൂടുതൽ അടുപ്പിക്കുവാൻ ഒരു ദിവസം അച്ഛൻ മകനെയും കൂട്ടി മീൻ പിടുത്തത്തിനു പുറപ്പെട്ടു. പക്ഷെ, അവൻ അതേറ്റവും വെറുത്തു. കുറെ സമയം കഴിഞ്ഞിട്ടും അവന് അതിൽ നിന്നും രക്ഷപെടുവാൻ കഴിഞ്ഞില്ല. വളർത്തച്ഛനോട് നേരിട്ട് വിവരം പറയാൻ ധൈര്യം കിട്ടാത്ത മകൻ ഒരു കടലാസ് എടുത്ത് കുറിപ്പെഴുതി – "എനിക്ക് വീട്ടിൽ പോകണം – നമുക്ക് ഈ പരിപാടി നിർത്താം." കുറിപ്പ് അച്ഛന്റെ കയ്യിൽ കൊടുത്തു. അയാൾ അതു വാങ്ങി ഒന്നു സൂക്ഷിച്ചുനോക്കി. ഒന്നും സംഭവിക്കാത്ത മട്ടിൽ പോക്കറ്റിലിട്ടു. അയാൾ പിന്നെയും കുറെസമയം മീൻപിടുത്ത യജ്ഞം തുടർന്നുകൊണ്ടിരുന്നു. മണിക്കൂറുകളോളം അതു തുടർന്നു.

അവസാനം അവർ തിരിച്ചു വീട്ടിലെത്തി. ബാലന്റെ മനസ്സിൽ അയാളോടുള്ള വിരോധം വർദ്ധിച്ചു വന്നു. വളരെ വിഷമത്തോടെ അവൻ അമ്മയുടെ അടുത്തെത്തി പറഞ്ഞു. "എന്റെ സങ്കടം എഴുതി അറിയിച്ചിട്ടും അതു ഗൗനിക്കാതെ അച്ഛൻ കടലാസ് പോക്കറ്റിലിട്ടു. എന്തു മനുഷ്യൻ?

അപ്പോൾ അവന്റെ അമ്മ അറിയിച്ചു "മോനേ, നിന്റെ വളർത്തച്ഛന് എഴുത്തും വായനയും അറിയാൻ പാടില്ല." ഇവിടെ ആശയവിനിമയം സംഭവിക്കാത്തതു കൊണ്ടുവന്ന അമർഷവും അരിശവുമാണ് ബാലനെ ആ പിതാവിൽ നിന്നും അകറ്റിയത്. ഇന്ന് ഇത് പല രംഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.

കൂട്ടുകാർ സംസാരിക്കുന്ന ഭാഷ ഒന്നുതന്നെയാണെങ്കിലും ആശയവിനിമയം നടക്കുന്നില്ല. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഭാഷ ഒന്നുതന്നെ. പക്ഷെ പല കാര്യങ്ങളും പരസ്പരം മനസ്സിലാക്കുവാൻ കഴിയാതെ പോകുന്നു. വീടുകളിലും നടക്കുന്നത് ഇതുതന്നെ ഇതിന് 'കമ്യൂണിക്കേഷൻ ഗ്യാപ്', 'ജനറേഷൻ ഗ്യാപ്' എന്നൊക്കെ പറയാറുണ്ട്.

ആശയ സംവേദനം സുസാദ്ധ്യവും സുഗമവുമാക്കേണ്ടതാണ് ഇന്നത്തെ ആവശ്യം. മനുഷ്യർ തമ്മിൽ മനസ്സിലാക്കുവാൻ കഴിയുന്നില്ല എന്നതാണ് ഇന്നത്തെ വലിയ പ്രശ്നം. ഇത് നമ്മുടെ എല്ലാ ബന്ധങ്ങളെയും ബാധിക്കുന്നു. സഹപാഠികൾ തമ്മിലുള്ള അകൽച്ച വർദ്ധിക്കുന്നു. ബന്ധുക്കൾ തമ്മിൽ വിടവുകൾ കൂടുന്നു. അങ്ങനെ തലമുറകൾ തമ്മിലുള്ള വിടവുകൾ വർദ്ധിക്കുകയും ചെയ്യുന്നു.

ശരിയായ ആശയവിനിമയം നടക്കണമെങ്കിൽ എന്താണ് നാം പറയുന്നതെന്ന് നമുക്കുതന്നെ ബോദ്ധ്യം വേണം. അതുപോലെ ആരോടാണു പറയുന്നതെന്നും നാം അറിഞ്ഞിരിക്കണം. പ്രതിപക്ഷ ബഹുമാനവും സ്നേഹവും നിറഞ്ഞ മനോഭാവവും സത്യസന്ധമായ പെരുമാറ്റവും പരസ്പരം മനസ്സിലാക്കുവാൻ ആവശ്യമായ ഘടകങ്ങളാണ്.

കൂട്ടുകാരെ,

നമ്മുടെ പരിമിതികളും ബലഹീനതകളും എന്തെന്നു നാം തന്നെ മനസ്സിലാക്കണം. മുഖം മൂടിയില്ലാത്ത സമീപനം പരിശീലിക്കണം. പൗലൂസ് ശ്ലീഹാ പ്രസ്താവിച്ചു: 'അതിനാൽ വ്യാജം വെടിഞ്ഞ് എല്ലാവരും പരസ്പരം സത്യം സംസാരിക്കണം. കാരണം നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്."

ശരിയായ ആശയ വിനിമയത്തിലൂടെയും, പരസ്പര ബഹുമാനത്തോടെയും സംഭാഷണങ്ങൾ നടത്തിയാൽ അത് നിങ്ങളുടെ മാറ്റ് വർദ്ധിപ്പിക്കും.

ദൈവം അനുഗ്രഹിക്കട്ടെ

*സ്നേഹത്തോടെ*

**ആനിച്ചേച്ചി**

ഹരിതപത്രിക

# കാർഷിക-അനുഭവങ്ങൾ

**പി.എ. ഐസക്ക് കുറ്റൂർ**

പന്തൽ കൃഷികളിൽ വൈകുന്നേരം പുക കൊള്ളിച്ചാൽ കൂടുതൽ പൂക്കൾ ഉണ്ടാകും, കീട ബാധ കുറയും.

ശീമചേമ്പിന് നൂറുഗ്രാം ചാരവും, 25 ഗ്രാം ഉപ്പും വളർച്ചാ ഘട്ടങ്ങളിൽ ചുവട്ടിൽ ചേർത്ത് മണ്ണു കൂട്ടി കൊടുത്താൽ നല്ല വിളവ് ലഭിക്കും.

മണ്ണിലെ അമ്ല ക്ഷാരാവസ്ഥ ക്രമീകരിക്കുന്നതിന് കുമ്മായം മണ്ണിൽ ചേർത്ത് പത്ത് ദിവസം കഴിഞ്ഞ് കൃഷി ഇറക്കാം.

പൂക്കാത്ത മാവ് പൂക്കുവാൻ ശാഖകളിൽ വലയം മുറിക്കൽ അതായത് ഏകദേശം പതിനഞ്ച് സെ.മീ വണ്ണമുള്ള ശാഖയിൽ മൂന്ന് നാല് സെ.മീ വീതിയിൽ തൊലി മാത്രം നീക്കുന്നതുമൂലം ആ ശാഖ പൂക്കും പൂവിടേണ്ടതിന് നാലുമാസം മുമ്പ് ഇത് ചെയ്തിരിക്കണം.

ഒട്ടുമാവുകളുടെ പ്രധാന കുമിൾ രോഗമാണ് ചില്ല ഉണക്കം. കേടുവന്ന ചില്ലകളുടെ 4-5 സെ.മീ താഴെ വച്ച് മുറിച്ച് മാറ്റി മുറിപ്പാടിൽ ബോർഡോ കുഴമ്പോ, കോപ്പർ ഓക്സി ക്ലോറൈഡ് കുഴമ്പോ പുരട്ടണം.

ചുവന്ന ചീരയും പച്ചചീരയും ഇടകലർത്തി കൃഷി ചെയ്താൽ ചുവന്ന ചീരയിലെ ഇലപ്പുള്ളി രോഗത്തിന് ശമനം കിട്ടും. ചീരയുടെ ഇലപ്പുള്ളി രോഗത്തിനെതിരെ 5 ലിറ്റർ വെള്ളത്തിൽ 50 ഗ്രാം മഞ്ഞൾപ്പൊടിയും, 10 ഗ്രാം അപ്പക്കാരവും, ഒരു ലിറ്റർ ഗോമൂത്രവും ചേർത്ത് ചീരയുടെ ഇലകളുടെ അടിഭാഗത്ത് സ്പ്രേ ചെയ്യുന്നത് ഫലപ്രദമാണ്. വേനൽക്കാലത്ത് നനയ്ക്കുമ്പോൾ വെള്ളം ഇലകളിൽ വീഴാതെ നോക്കണം. വീട്ടാവശ്യത്തിന് ചീര പിഴുത് എടുക്കാതെ മുറിച്ചെടുത്താൽ ശിഖരങ്ങൾ വളർന്ന് കൂടുതൽ കാലം വിളവ് എടുക്കാം. കാലാവധി കഴിയാറായ സ്യൂഡോമോണസ് പൊടി കരിക്കിൻ വെള്ളത്തിൽ കലക്കി ഉപയോഗിച്ചാൽ പ്രവർത്തനശേഷി വർദ്ധിക്കും. കളനാശിനി കുറ്റിയിൽ നിറയ്ക്കുമ്പോൾ അൻപത് ഗ്രാം യൂറിയാ ചേർക്കുന്നത് കൂടുതൽ ഫലപ്രദമാണ്. പച്ചക്കറി കൃഷിയിൽ ചാഴിയും ഉറുമ്പും പ്രശ്നമായി വരുമ്പോൾ നീറിനെ കയറ്റിവിടുന്നത് ഫലപ്രദമാണ്.

മുളക്, വഴുതന, പയർ, വെണ്ട, പാവൽ, പടവലം എന്നീ വിത്തുകൾ ഒരു രാത്രി വെള്ളത്തിൽ മുക്കി വച്ചിരുന്ന് നട്ടാൽ കിളിർപ്പ് ശേഷി കൂടും. പച്ചക്കറി വിത്തുകൾ പച്ച ചാണത്തിൽ പതിച്ച് ഉണക്കി സൂക്ഷിച്ച് പാകിയാൽ ശക്തിയായി മുളയ്ക്കും.

പച്ചക്കറി കൃഷിയിലെ മിക്ക കീടബാധയ്ക്കും ജൈവ കീടനാശിനികൾ ഫലപ്രദമാണ്. മീൻകെണി, വേപ്പണ്ണ, വെളുത്തുള്ളി, സോപ്പുമിശ്രിതം, പുകയില കഷായം, വേപ്പിൻകുരു ലായനി എന്നിവ ഉപയോഗിച്ചാൽ ആരോഗ്യപ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും ഒഴിവാക്കാം. രാസവളം ചെയ്യുന്ന പച്ചക്കറി കൃഷിക്ക് ജൈവകീടനാശിനികൾ തക്ക പ്രയോജനം തരികയില്ല.

തക്കാളി, വഴുതന, മുളക് എന്നിവയുടെ തൈകൾ പാകി കിളിർപ്പിച്ച് വേണം പറിച്ചു നടാൻ. തൈകൾ പറിച്ചു നടുന്നത് പകൽ നാലുമണി കഴിഞ്ഞ് വേണം. മഴ ഇല്ലെങ്കിൽ വെള്ളം തളിക്കണം. ഗ്രോബായ്ഗ്, ചാക്ക്, ചെടിച്ചട്ടികൾ എന്നിവയിൽ പച്ചക്കറി അലങ്കാര ചെടികൾ കൃഷിചെയ്യാൻ നിറയ്ക്കാനുള്ള മിശ്രിതം, മണ്ണ്, മണൽ ചാണകപ്പൊടി തുല്യ അളവിൽ ചേർത്തിളക്കി ഈർപ്പത്തിൽ ചെറുകൂനയായി കൂട്ടി അമർത്തി ഒരു മാസമെങ്കിലും സൂക്ഷിച്ചാൽ സസ്യമൂലകങ്ങളുടെ പാകപ്പെടലിനും, സൂക്ഷ്മ ജീവികളുടെ പ്രവർത്തനത്തിനും സഹായിക്കും. മാവ്, റംബുട്ടാൻ വൃക്ഷങ്ങൾ ഉയരം കുറച്ച് നിർത്താൻ ശാഖകളിൽ 3-ാം വർഷം മുതൽ ഭാരം കെട്ടി തൂക്കുക, നാമ്പു നുള്ളുക, ചെറിയ തോതിൽ കോതി നിർത്തുക.


## SITE SUPERVISOR NEEDED

Applications are invited from Civil Engineering Diploma Holders, to the post of a site supervisor, for the proposed New Hostel Block building at the Orthodox Theological Seminary, Kottayam. Salary negotiable. Suitable applicants should address their application with resume to the Principal, Orthodox Theological Seminary, Kottayam, 689 001.




പരിശുദ്ധ ദൈവമാതാവിന്റെ പ്രധാന പെരുന്നാളിനോടനുബന്ധിച്ചുള്ള 15 നോമ്പിന്റെ പുണ്യദിനങ്ങൾ പിന്നിടുന്നു. ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ വഹിച്ച മാതാവിന്റെ മദ്ധ്യസ്ഥത ഏവർക്കും വിടുതലും ആശ്വാസവുമായി തീരട്ടെ. പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ സഭ ആകമാനം വിവിധ പരിപാടികളോടുകൂടി ആഗസ്റ്റ് മാസം 15-ാം തീയതി ആഘോഷമായി നടത്തപ്പെടുന്നു.

പൂർവ്വീകർ നേടിത്തന്ന സ്വാതന്ത്ര്യത്തിന്റെ ചേതന തലമുറക്കു കൈമാറുവാനും, ഓരോ ഭാരതീയന്റെയും പൗരബോധത്തെ ഉണർത്തുവാനും, ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുവാനും ഉത്ബോധിപ്പിച്ചുകൊണ്ട് ചെങ്ങന്നൂർ ഭദ്രാസന യുവജന പ്രസ്ഥാന അംഗങ്ങൾ അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്തായോടൊപ്പം ആഗസ്റ്റ് മാസം 15-ാം തീയതി ഇന്ത്യൻ സ്വാതന്ത്ര്യ ദിനത്തെ "സ്നേഹ സാഹോദര്യ ജ്വാല" എന്ന പേരിൽ വിപുലമായ പദ്ധതികളോടുകൂടി നടത്തി. പൗരബോധത്തെ ഉണർത്തി ഓരോരുത്തരും ഈ ജ്വാലയിലെ ഒരു കണികയായിതീരുവാൻ ഈ പ്രവർത്തകരോടു ചേർന്ന് കൈകോർത്തു.

ചെങ്ങന്നൂർ ഭദ്രാസന മർത്തമറിയം സമാജം സംഘടിപ്പിക്കുന്ന വനിതാദിന സമ്മേളനം ഈ മാസം 15-ാം തീയതി വ്യാഴാഴ്ച അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ ഉമയാറ്റുകര സെന്റ് തോമസ് വലിയ പള്ളിയിൽ വച്ച് നടന്നു.

കാതോലിക്കാദിന കവർ പിരിവുതുക സമാഹരണത്തിനായുള്ള ചെങ്ങന്നൂർ ഭദ്രാസനത്തിലെ യോഗം ആഗസ്റ്റ് മാസം 19-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ബഥേൽ അരമനയിൽ വച്ച് നടത്തപ്പെടുന്നു. പരിശുദ്ധ ബാവാ തിരുമനസിന്റെയും ഇടവക മെത്രാപ്പോലീത്തായുടെയും മറ്റു സഭാ സ്ഥാനികളുടെയും സാന്നിദ്ധ്യമുള്ള ഈ മീറ്റിംഗിൽ എല്ലാ വികാരിമാരും, പള്ളിചുമതലക്കാരും പങ്കെടുക്കുകയും ടാർജറ്റിൽ കുറയാത്ത തുക സമർപ്പിക്കുകയും ചെയ്യണം.

അഭിവന്ദ്യ തിരുമേനി കൽപ്പനയിലൂടെ പ്രഖ്യാപിച്ച "അട്ടപ്പാടിക്കൊരു സ്നേഹസ്പർശം -II" വളരെ അനുഗ്രഹകരമായി പുരോഗമിക്കുന്നു. ഭദ്രാസനത്തിലെ അഞ്ചു ഡിസ്ട്രിക്ടിലെ പള്ളികളിൽ നിന്നും മർത്തമറിയം സമാജത്തിന്റെയും ബാലസമാജത്തിന്റെയും ചുമതലയിൽ വസ്ത്രങ്ങൾ സമാഹരിച്ച് കഴിഞ്ഞു. ആഗസ്റ്റ് മാസം 22, 23 തീയതികളിൽ അട്ടപ്പാടി പ്രദേശത്തെ ഊരുകൾ പ്രവർത്തകർ നേരിട്ടു സന്ദർശിച്ച് വിതരണം ചെയ്യുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഇതിൽ സഹകരിച്ച ഏവരോടും, ഇതിനായി അദ്ധ്വാനിച്ചവരോടു അഭിനന്ദനം തിരുമനസ്സുകൊണ്ട് അറിയിച്ചിട്ടുണ്ട്.

ചെങ്ങന്നൂർ ഡിസ്ട്രിക്ട് സണ്ടേസ്കൂൾ അദ്ധ്യാപക ഏകദിന വാർഷിക സമ്മേളനം മുളക്കുഴ സെന്റ് മേരീസ് പള്ളിയിൽവച്ച് ആഗസ്റ്റ് മാസം 25-ന് നടത്തപ്പെടുന്നു. ഡിസ്ട്രിക്ട് സഹപാഠ്യ മൽസരം ബഥേൽ അരമനയിൽവച്ച് സെപ്റ്റംബർ 14-ാം തീയതി രാവിലെ 9 മണി മുതൽ നടത്തപ്പെടുന്നു. ചെങ്ങന്നൂർ ഭദ്രാസന പ്രാർത്ഥനയോഗം അർദ്ധദിന സമ്മേളനം സെപ്റ്റംബർ 1-ാം തീയതി 2 മണിക്ക് ബഥേൽ അരമനയിൽ വച്ച് നടത്തപ്പെടുന്നു.

സസ്നേഹം കർത്തൃശുശ്രൂഷയിൽ

**ഫാ. തോമസ് കൊക്കാപ്പറമ്പിൽ**

(ഭദ്രാസന സെക്രട്ടറി)

## ഉപവാസധ്യാനയോഗം

ഭദ്രാസന സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ത്രൈമാസ ഉപവാസധ്യാന യോഗത്തിന്റെ 2-ാമത് യോഗം 2013 ആഗസ്റ്റ് 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 മുതൽ നെല്ലിക്കൽ സെന്റ് മേരീസ് പള്ളിയിൽ വച്ച് നടന്നു. സുവിശേഷസംഘം വൈസ് പ്രസിഡന്റ് റവ. ഫാ. ബിജു ടി. മാത്യു അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ ഭദ്രാസന സെക്രട്ടറി റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ ധ്യാനം ഉദ്ഘാടനം ചെയ്തു. റവ. ഫാ. വിൽസൺ മാത്യു ധ്യാനം നയിച്ചു. ഇടവക വികാരി റവ. ഫാ. തോമസ് ജോസഫ് ജനറൽ സെക്രട്ടറി സജി പട്ടരുമഠം, ജോ. സെക്രട്ടറി എബി അലക്സാണ്ടർ എന്നിവർ യോഗത്തിൽ സംസാരിച്ചു. റവ. ഫാ. ഷിബു വർഗീസ് മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കും ഫിലോക്സ് സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് ഗാനശുശ്രൂഷയും നേതൃത്വം നൽകി.




സഹപ്രവർത്തകരെ,

ജൂലൈ 28-ാം തീയതി ഞായറാഴ്ച രണ്ട് സോണലുകളിലായി 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഓറിയന്റേഷൻ ക്ലാസ്സ് നടത്തപ്പെട്ടു. ചെങ്ങന്നൂർ ബഥേൽ അരമന കേന്ദ്രമാക്കി നടത്തപ്പെട്ട ക്ലാസ് ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി ഉദ്ഘാടനം നിർവ്വഹിച്ചു. ഭദ്രാസന സെക്രട്ടറി ബഹു. തോമസ് കൊക്കാപ്പറമ്പിൽ അച്ചൻ ആശംസകൾ അറിയിക്കുകയും ചെയ്തു. കുളനട സെന്റ് ജോർജ്ജ് ചാപ്പൽ കേന്ദ്രമാക്കി നടത്തപ്പെട്ട ക്ലാസ്സ് വികാരി ബഹു. ജോൺ പി. ഉമ്മൻ നിർവ്വഹിച്ചു. യഥാക്രമം ശ്രീ. റ്റി.എം. തോമസ് (ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ), ശ്രീ. സി.എം. തോമസ് (ഭദ്രാസന സെക്രട്ടറി) എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 260 കുട്ടികൾ പങ്കെടുത്തു. കൂടാതെ പ്രഥമാദ്ധ്യാപകർ, സഹ അദ്ധ്യാപകർ എന്നിവരുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. എല്ലാവർക്കും ഭദ്രാസന സണ്ടേസ്കൂളിന്റെ നന്ദി അറിയിക്കുന്നു. ഇനിയും ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ സാധിക്കാതെ പോയ 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് സെപ്റ്റംബർ മാസം ക്ലാസ് ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നു. ഡി. ഇൻസ്പെക്ടർ വശം വിവരങ്ങൾ അറിയിക്കേണ്ടതാണ്.

**പി.ടി.എ.**

അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്തായുടെ പ്രത്യേക കല്പനപ്രകാരം ഭദ്രാസനത്തിലെ എല്ലാ പള്ളികളിലെയും സണ്ടേസ്കൂൾ പി.ടി.എ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുകയുണ്ടായി. അതിൻപ്രകാരം പല ഇടവകകളിലും പി.ടി.എ. രൂപീകരിച്ച് ഭാരവാഹികളുടെ ലിസ്റ്റ് ഏല്പ്പിക്കുകയുണ്ടായി. ഇനി പി.ടി.എ. രൂപീകരിക്കാനുള്ളവർ എത്രയും വേഗം രൂപീകരിച്ച് ആഗസ്റ്റ് 31 നകം ഡയറക്ടറെ ഏല്പിയ്ക്കേണ്ടതാണ്. സെപ്റ്റംബർ മാസം പി.ടി.എയുടെ യോഗം ഭദ്രാസനാടിസ്ഥാനത്തിൽ വിളിച്ചുകൂട്ടി ഒരു എക്സിക്യൂട്ടീവ് കമ്മറ്റി എടുക്കുവാൻ ആഗ്രഹിക്കുന്ന വിവരം അറിയിക്കുന്നു. ഇക്കാര്യത്തിൽ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

**ഡിസ്ട്രിക്ട് സമ്മേളനം**

പന്തളം ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഏകദിന അദ്ധ്യാപക-വിദ്യാർത്ഥി സംഗമം കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ ആതിഥേയത്വം നൽകി. അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സുകൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു.

കർത്തൃശുശ്രൂഷയിൽ
**ജി. വർഗ്ഗീസ് കാവുംപുറത്ത്**
ഭദ്രാസന ഡയറക്ടർ

---

## യുവവേദി

ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷം ഓഗസ്റ്റ് 15 ന് നടത്തപ്പെടുകയാണ്. സ്വാതന്ത്ര്യദിനാഘോഷവും സ്നേഹസന്ദേശ റാലിയും അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ''സ്നേഹ സാഹോദര്യ ജ്വാല'' എന്ന പേരിൽ നടത്തപ്പെടുകയാണ്. അന്നേ ദിവസം രാവിലെ 7.30 ന് ഇടവങ്കാട് സെന്റ് മേരീസ് പള്ളിയിൽ വെച്ച് അഭി. മാത്യൂസ് മാർ തിമോത്തിയോസ് തിരുമേനി ദേശീയ പതാക ഉയർത്തുന്നു. തുടർന്ന് 10 മണിയോടുകൂടി സന്ദേശ റാലിയും 12.30 ന് ചെങ്ങന്നൂർ എൻജി. കോളേജ് ജംഗ്ഷനിൽ സ്വാതന്ത്ര്യദിന സന്ദേശം അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനി നടത്തുകയും തുടർന്ന് സ്വാതന്ത്ര്യദിനാഘോഷ ഭാഗമായി ചെങ്ങന്നൂർ ടൗണിലെ പൊതുജനങ്ങൾക്ക് "സ്നേഹ സാഹോദര്യ ജ്വാല" മധുരം പങ്കുവെക്കലും നടത്തപ്പെടുന്നു. വിശദമായ നോട്ടീസുകൾ പള്ളികളിൽ വിതരണം ചെയ്യുന്നുണ്ട്. പ്രസ്ഥാന അംഗങ്ങൾ എല്ലാവരും പരിപാടിയിൽ പങ്കുചേരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഒന്നിൽ കൂടുതൽ യൂണിറ്റുകൾ ഒരേ ദിവസം ഒരേ സമയത്ത് തന്നെ ക്വിസ് കോമ്പറ്റീഷൻ പോലുള്ള മത്സരങ്ങൾ നടത്തുന്നത് യൂണിറ്റുകളേയും മത്സരാർത്ഥികളെയും ബുദ്ധിമുട്ടിലാക്കുന്നുണ്ട്. ഈ കുറവ് പരിഹരിയ്ക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ ഭദ്രാസന യുവജനപ്രസ്ഥാനം ആഗ്രഹിക്കുന്നു. യൂണിറ്റ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി എന്നിവരുടെ പേര്, വിലാസം, ഇ-മെയിൽ എന്നിവ ശേഖരിച്ചു തയ്യാറാക്കുന്ന ഡയറക്ടറി എല്ലാവർക്കും പ്രയോജനപ്രദമാകും. ആയതിനാൽ ഈ വിവരങ്ങൾ എത്രയും വേഗം അതാതു യൂണിറ്റുകൾ അതാത് ഓർഗനൈസർമാരെ ഏൽപ്പിക്കണമെന്ന് താൽപര്യപ്പെടുന്നു.

പ്രാർത്ഥനാപൂർവ്വം
**ജോബിൻ കെ. ജോർജ്ജ്**

## ഡോക്ടറേറ്റ് നേടി




പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗവും, ചെങ്ങന്നൂർ ആലുംമൂട്ടിൽ പുഞ്ചോണി ഗാർഡൻസിൽ ശ്രീ. എ.പി. ജോസഫിന്റെയും ശ്രീമതി മിനി ജോസഫിന്റെയും മകളും ശ്രീ. വിശാഖ് പോൾ തോമസ് (യു.എസ്.എ) ന്റെ ഭാര്യയുമായ ശ്രീമതി സൂസൻ ജോസഫ് Nottingham Trent University, United Kingdom ൽ നിന്നും മെഡിക്കൽ മൈക്രോ ബയോളജിയിൽ ഡോക്ടറേറ്റ് നേടി.

## സ്നേഹത്തണൽ പദ്ധതി ഉദ്ഘാടനം



കൂർത്തമല : സെന്റ് ഗ്രീഗോറിയോസ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കോയിപ്രം സെന്റ് ജോൺസ് ചാപ്പലിൽ വച്ച് 28 ന് ഞായറാഴ്ച 2 മണിക്ക് പ്രസ്ഥാനത്തിന്റെ പ്രവർത്തനോത്ഘാടനവും "സ്നേഹത്തണൽ' പദ്ധതിയുടെ ഉദ്ഘാടനവും അഭി. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ തിരുമേനി നിർവ്വഹിച്ചു. ഇടവകാംഗമായ അഭി. കുറിയാക്കോസ് മാർ ക്ലീമീസ് തിരുമേനിയുടെ 77-ാമത് ജന്മദിനാഘോഷവും നടത്തി. ഇടവകയിലെ 75 വയസ്സിനുമേൽ പ്രായമുള്ള മാതാപിതാക്കളെ പൊന്നാട അണിയിച്ച് ആദരിച്ചു. സ്നേഹത്തണൽ പദ്ധതിയുടെ ഭാഗമായി വയോജനസംഗമം, വൃദ്ധജനസന്ദർശനം, അവശത അനുഭവിക്കുന്നവരെ ആരാധനയിൽ സംബന്ധിപ്പിക്കുവാനുള്ള ക്രമീകരണം തുടങ്ങിയവ വരും മാസങ്ങളിൽ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ്. അഭി. കുറിയാക്കോസ് മാർ ക്ലീമീസ് തിരുമേനി മുഖ്യസന്ദേശം നൽകി. വികാരി ഫാ. മാമ്മൻ തോമസ് അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കൊക്കാപ്പറമ്പിൽ, ഭദ്രാസന യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. മാത്യു ഏബ്രഹാം, സഹവികാരി ഫാ. മത്തായി സക്കറിയ, ഫാ. ജേക്കബ് മാത്യു, ഫാ. ഏബ്രഹാം കോശി, ഡീക്കൻ പോൾജി കെ. ജോൺ, ഭദ്രാസന യുവജനപ്രസ്ഥാനം സെക്രട്ടറി ജോബിൻ കെ. ജോർജ്ജ്, ഡിസ്ട്രിക്റ്റ് ഓർഗനൈസർ അനീഷ് കോശി, ഇടവക സെക്രട്ടറി രാജൻ കെ. മാത്യു, യൂണിറ്റ് സെക്രട്ടറി റിനോ കെ. മാത്യു എന്നിവർ പ്രസംഗിച്ചു.

## അദ്ധ്യാപക വിദ്യാർത്ഥി സംഗമം



പന്തളം ഡിസ്ട്രിക്റ്റ് സണ്ടേസ്കൂൾ അദ്ധ്യാപക-വിദ്യാർത്ഥി സംഗമം 2013 ആഗസ്റ്റ് 4-ാം തീയതി സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്നു. അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഫാ. ഐപ്പ് പി. സാം അദ്ധ്യക്ഷത വഹിച്ചു. ഫാ. ഡോ. എം.ഒ. ജോൺ, ഫാ. റിഞ്ചു പി. കോശി, ലിപിൻ രാജ് ഐ.എ.എസ്, വിനി വി. ജോൺ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.
സമാപന സമ്മേളനം സണ്ടേസ്കൂൾ ഭദ്രാസന ഡയറക്ടർ ജി. വർഗീസ് കാവുംപുറം ഉദ്ഘാടനം ചെയ്തു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജോസ് തോമസ് അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് വർഗീസ് കടവിൽ, അച്ചൻകുഞ്ഞ് വർഗ്ഗീസ്, ബിനോയ് പി. ജോർജ്ജ്, ഡോ. കെ.സി. രാജു, എസ്. പാപ്പച്ചൻ, ജയ്സൺ ഡേവിഡ് എന്നിവർ ആശംസകൾ അറിയിച്ചു.

## CLEAN UP THE WORLD




പേരിശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഭൂമിയെ സംരക്ഷിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി യുവജനങ്ങളെ ബോധവത്ക്കരിക്കുന്നതിന്റെ ഭാഗമായി "Clean up the World" എന്ന പേരിൽ പരിസരം വൃത്തിയാക്കുകയും ബോധവത്ക്കരണ സെമിനാറും നടത്തി. യൂണിറ്റ് പ്രസിഡന്റ് ഫാ. ബിജു റ്റി. മാത്യു ഉദ്ഘാടനം ചെയ്തു. യൂണിറ്റ് സെക്രട്ടറി റിബു ജോൺ വലിയപറമ്പിൽ, കൺവീനർ സെവിൻ, എം.ജി.ഒ.സി.എസ്.എം. സെക്രട്ടറി ജിക്കു, അലൻ സ്രാമ്പിക്കൽ, ജെറിൻ ശാമുവേൽ, ഈശോ കോശി, ജോൺ മാത്യു എന്നിവർ പ്രസംഗിച്ചു.